# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പനയം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM/P4/1759/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 06/11/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പനയം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പനയം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പനയം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM/P4/1759/2023 തീയ്യതി: 06/11/2023

## കൊല്ലം ജില്ലയിലെ പനയം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പനയം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2023 മുതൽ 31-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ എസ്.അനിൽകുമാർ | ഡെപ്യൂട്ടി ഡയറക്ടർ | 11-09-2023 | 19-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 11-09-2023 | 19-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പി. പ്രദീപ് കുമാർ ഓഡിറ്റ് ഓഫീസർ (ഹ.ഗ്ര)
ശ്രീമതി അമ്പിളി.ജി.(അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
ശ്രീമതി ജൂഡിറ്റ് വർഗ്ഗീസ് (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീ.രാകേഷ്. എം.(സീനിയർ ഗ്രേഡ് ഓഡിറ്റർ)

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ഡോ. രാജശേഖരൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.റ്റി.എഫ്. ജോസഫ് | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സുജി.ആർ.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഡോ.രജനി. ആർ | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി | 01-04-2022 | 15-09-2022 |
| ശ്രീമതി ശരണ്യ | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി | 16-09-2022 | 31-03-2023 |
| ശ്രീമതി ലാലി ആൻഡ്രൂസ് | ഹെഡ് മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ഡോ. ബിനു.എം | വെറ്റിനറി സർജൻ | 01-04-2022 | 30-09-2022 |
| ഡോ. അജിത് കുമാർ | വെറ്റിനറി സർജൻ | 01-10-2022 | 31-03-2023 |
| ശ്രീമതി തൻസി ഷെരീഫ് | കൃഷി ഓഫീസർ | 01-04-2022 | 28-07-2022 |
| ശ്രീമതി ഷംന. ആർ | കൃഷി ഓഫീസർ | 29-07-2022 | 31-03-2023 |
| ശ്രീമതി അനീറ്റ ഗോമസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ. പ്രീത് കുമാർ | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ശ്രീമതി സ്റ്റെഫി | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| രഞ്ജു.റ്റി.യോഹന്നാൻ | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2022 | 31-03-2023 |
| ശ്രീമതി. വി.ജെ.അന്നമ്മ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-05-2022 |
| ശ്രീമതി കവിത.എസ്.എ. | അസിസ്റ്റന്റ് സെക്രട്ടറി | 01-06-2022 | 14-10-2022 |
| ശ്രീ. ശ്രീകുമാർ .റ്റി.എസ് | അസിസ്റ്റന്റ് സെക്രട്ടറി | 15-10-2022 | 31-03-2023 |
| ശ്രീമതി സീതാലക്ഷമി.റ്റി | എ.എഫ്.ഇ.ഓ | 01-04-2022 | 31-05-2022 |
| ശ്രീമതി നിഷാ എലിസബത്ത് | എ.എഫ്.ഇ.ഓ | 01-06-2022 | 31-03-2023 |
| ശ്രീ.സുകേഷ് കുമാർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല. | 1-1-1 |
| 3 | വാർഷിക കണക്കുകളുടെ ഷെഡ്യൂളുകൾ സമർപ്പിച്ചില്ല | 1-1-2 |
| 4 | ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | ഓൺലൈൻ കളക്ഷന് രസീത് ഇല്ല | 1-1-4 |
| 6 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല. | 1-1-5 |
| 7 | വാർഷിക കണക്കുകളിലേയും രജിസ്റ്ററുകളിലേയും തുകകൾ പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | ആസ്തി രജിസ്റ്റർ ക്രമപ്രകാരം സൂക്ഷിക്കുന്നില്ല. | 1-1-7 |
| 9 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. | 1-1-8 |
| 10 | ലെഡ്ജർ ബാലൻസുകളും രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നിലൽ. | 1-1-9 |
| 11 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും ബാങ്ക് / ട്രഷറി നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. | 1-1-10 |
| 12 | സ്ഥാപനത്തിന് മറ്റ് സ്ഥാപനങ്ങൾ ഗ്രാന്റ് ആയി നല്കിയ തുക ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യ തുക Capital Contribution ശീർഷകത്തിലേക്ക് മാറ്റിയില്ല. | 1-1-11 |
| 13 | അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് എജൻസി - ഇനത്തിൽ തെറ്റായ രേഖപ്പെടുത്തൽ. | 1-1-12 |
| 14 | ജേണൽ വൗച്ചറുകൾക്ക് അനുസൃതമായ അനുബന്ധ രേഖകൾ ഇല്ല. | 1-1-13 |
| 15 | മുൻവർഷത്തെ ബാലൻസ്ഷീറ്റ് പ്രകാരമുള്ള ബാധ്യതകൾ തൻവർഷത്തെ മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസം. | 1-1-14 |
| 16 | ബജറ്റ് | 1-2 |
| 17 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 18 | ഫണ്ട് വിനിയോഗം | 1-4 |
| 19 | പദ്ധതി അവലോകനം | 1-5 |
| 20 | തൊഴിലുറപ്പ് പദ്ധതി | 1-6 |

| | | |
|---|---|---|
| 21 | ക്ഷേമ പദ്ധതികൾ | 1-7 |
| 22 | ക്യാഷ് പരിശോധന | 1-8 |
| 23 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 24 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 25 | മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കാൻ അവശേഷിക്കുന്നു. | 1-11 |
| 26 | തനത് വരുമാനം - അവലോകനം | 1-12 |
| 27 | കന്നുകുട്ടി പരിപാലനപദ്ധതി - സബ്സിഡി മാർഗ്ഗരേഖ പാലിച്ചില്ല. | 1-13 |
| 28 | നിക്ഷേപ പ്രവൃത്തികൾ - നടത്തിപ്പിലെ അപാകതകൾ | 1-14 |
| 29 | സി.എഫ്.എൽ.റ്റി.സിയിലെ സാധന, സാമഗ്രികൾ സൂക്ഷിക്കുന്നതിന് വൻതുക വാടകനൽകുന്നു. | 1-15 |
| 30 | പോസ്റ്റ് ഷിഫ്റ്റിംഗ്- പണി പൂർത്തീകരിച്ചില്ല | 1-16 |
| 31 | പൊതു ടാപ്പുകൾ ഡിസ്മാന്റിൽ ചെയ്തതിന് ശേഷവും വാട്ടർ ചാർജ്ജ് ഒടുക്കി | 1-17 |
| 32 | സ്ട്രീറ്റ് മെയിൻ വലിക്കൽ - നാളിതുവരെ പൂർത്തിയാക്കിയില്ല. | 1-18 |
| 33 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല - ചെലവ് തടസ്സപ്പെടുത്തുന്നു. | 1-19 |
| 34 | ദേശീയ തൊഴിലുറപ്പ് പദ്ധതി-അവലോകനം | 1-20 |
| 35 | ഹരിതകർമസേന - പ്രവർത്തന അവലോകനം | 1-21 |
| 36 | ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികൾ നടപ്പിലാക്കിയില്ല | 1-22 |
| 37 | റോഡ് പുനരുദ്ധാരണം - 10,440/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. | 1-23 |
| 38 | ബെയിലിംഗ് മെഷിൻ സ്ഥാപിക്കൽ പദ്ധതി: രേഖകളിൽ വ്യക്തതയില്ല. | 1-24 |
| 39 | മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണീച്ചർ - ഇൻവോയ്സ്, സ്റ്റോക്ക് എന്നിവയിലെ കൃത്യത ബോധ്യപ്പെടുന്നില്ല. | 1-25 |
| 40 | മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു | 1-26 |
| 41 | മരുന്നുകൾ ലഭ്യമായില്ല | 1-27 |
| 42 | പാലിയേറ്റീവ് നഴ്സ് - അലവൻസിനത്തിൽ അധികം തുക അനുവദിച്ചു | 1-28 |
| 43 | പദ്ധതി മാർഗ്ഗരേഖ പ്രകാരം അനുവദനീയമായതിനേക്കാൾ അധികം സബ്സിഡി നല്കി. | 1-29 |
| 44 | വൃദ്ധർക്ക് കട്ടിൽ (എസ്.സി) പദ്ധതി പ്രകാരം വാങ്ങിയ 28 കട്ടിലുകൾ വിതരണം ചെയ്തില്ല. | 1-30 |
| 45 | സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശം മറികടന്ന് അധികമായി തുക അനുവദിച്ചു | 1-31 |
| 46 | ദിവസവേതനടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന വ്യക്തിക്ക് അധികം തുക നല്കി | 1-32 |
| 47 | വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള പമ്പ് ഹൌസിലെ ജീവനക്കാരന് | 1-33 |

| | | |
|---|---|---|
| | ഗ്രാമ പഞ്ചായത്തിൽ നിന്നും വേതനം നൽകി | |
| 48 | ലൈഫ് ഭവനപദ്ധതി - ആദ്യഗഡു കൈപ്പറ്റി വളരെക്കാലമായിട്ടും വീട്ടുപണി ആരംഭിച്ചില്ല. | 1-34 |
| 49 | ബാലസഭ - ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. | 1-35 |
| 50 | കമ്പോസ്റ്റ് ബിൻ - പദ്ധതി പൂർത്തിയാക്കിയില്ല. | 1-36 |
| 51 | ലേല കരാറുകാരൻ ചെയ്യേണ്ട പ്രവൃത്തിക്ക് പഞ്ചായത്ത് തുക ചെലവഴിച്ചു. | 1-37 |
| 52 | മഴക്കാല പൂർവ്വശുചീകരണം - ചെലവ് രേഖകൾ ഹാജരാക്കിയില്ല. | 1-38 |
| 53 | അഷ്ടമുടി കായലിൽ നിന്നും മാലിന്യനിർമ്മാർജ്ജനം - ചെലവിന് രേഖയില്ല. | 1-39 |
| 54 | ഒരേ പ്രോജക്ട് രണ്ട് നിർവ്വഹണ ഉദ്യോഗസ്ഥർ ഭാഗികമായി നടപ്പാക്കി | 1-40 |
| 55 | സ്പിൽ ഓവർ പദ്ധതി നടപ്പിലാക്കിയപ്പോൾ ഗുണഭോക്തൃവിഹിതം ഈടാക്കിയില്ല | 1-41 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | റോഡ് പുനരുദ്ധാരണം - 10440/- രൂപയുടെ ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. | 3-1 |
| 2 | പദ്ധതി മാർഗ്ഗരേഖ പ്രകാരം അനുവദനീയമായതിനേക്കാൾ അധികം സബ്സിഡി നല്കി. | 3-2 |
| 3 | സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശം മറികടന്ന് അധികമായി തുക അനുവദിച്ചു. | 3-3 |
| 4 | ദിവസവേതനടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന വ്യക്തിക്ക് അധികം തുക നല്കി. | 3-4 |
| 5 | കരാറുകാരൻ ചെയ്യേണ്ട പ്രവൃത്തിക്ക് മറ്റ് വ്യക്തികൾക്ക് തുക നല്കി. | 3-5 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ്/ സർചാർജ് നടപടികളുടെ വിവരം | 4-9 |

| | | |
|---|---|---|
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4), കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3 എന്നിവയും സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും അനുവർത്തിക്കേണ്ട നിർദ്ദേശങ്ങളും അനുസരിച്ച് തയ്യാറാക്കിയ പനയം ഗ്രാമപഞ്ചായത്തിന്റെ 31-03-2023ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റുമെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ്, ബാലൻസ് ഷീറ്റ് എന്നിവ ഉൾപ്പെടുന്ന ധനകാര്യ പത്രികകളും, നിർദ്ദിഷ്ട അനുബന്ധ ഫോറങ്ങളും 7-7-23 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് 10/7/23 ൽ ഓഡിറ്റിന് സമർപ്പിച്ചത് ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തത്തിൽ തയ്യാറാക്കിയ ഈ അക്കൌണ്ടുകളിന്മേൽ, ഫിനാൻഷ്യൽ ഓഡിറ്റ് നടത്തി അഭിപ്രായം രേഖപ്പെടുത്തുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനായി C&AG പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളും ഓഡിറ്റിംഗ് സ്റ്റാന്റേർഡുകളും അനുസരിച്ചാണ് ഞാൻ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളില്ലാത്തതാണ് എന്ന് ന്യായമായും ഉറപ്പ് വരുത്തുന്നതരത്തിൽ ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നിർവഹിക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകൾക്കും വെളിപ്പെടുത്തലുകൾക്കും അടിസ്ഥാനമായ തെളിവുകൾ പരിശോധിക്കുന്നതും, ഉപയോഗിച്ചിരിക്കുന്ന അക്കൌണ്ടിംഗ് തത്വങ്ങളുടെയും തയ്യാറാക്കിയിരിക്കുന്ന പ്രസക്തമായ എസ്റ്റിമേറ്റുകളുടെയും വിലയിരുത്തലും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണത്തിന്റെ വിലയിരുത്തലും ഓഡിറ്റിൽ നിർവഹിച്ചിട്ടുണ്ട്. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭ്യമായതുമായ വിവരങ്ങളെയും വിശദീകരണങ്ങളെയും അടിസ്ഥാനമാക്കിയും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി ലഭിച്ച പരമാവധി വിവരങ്ങളുടെ അടിസ്ഥാനത്തിലും, അവയിന്മേൽ നൽകപ്പെട്ട വിശദീകരണങ്ങൾ പരിഗണിച്ചും അനുബന്ധ റിപ്പോർട്ടിലെ നിരീക്ഷണങ്ങൾക്ക് വിധേയമായും ഞാൻ താഴെ പറയും പ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ സാക്ഷ്യപത്രം

അനുബന്ധ റിപ്പോർട്ടിലെ വിശേഷണങ്ങളോടുകൂടിയ അഭിപ്രായത്തിന് ആധാരമായി വിവരിച്ചിരിക്കുന്ന കാര്യങ്ങളിൽ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പനയം ഗ്രാമപഞ്ചായത്തിന്റെ 2022-23ലെ വാർഷിക ധനകാര്യ പത്രികകൾ സാമ്പത്തിക നിലയെക്കുറിച്ചും സാമ്പത്തിക ഫലത്തെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല.

റേഷ്യോസ്

### 1-1-2 വാർഷിക കണക്കുകളുടെ ഷെഡ്യൂളുകൾ സമർപ്പിച്ചില്ല

തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുത്തിയ B1 Schedule

1-1-3 ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.
ഓപ്പറേറ്റിംഗ് ഇൻവെസ്റ്റിംഗ് ഫിനാൻസിംഗ് പ്രവൃത്തികളിൽ ജനറേറ്റ് ചെയ്ത തുക – 19996018/- രൂപ
Net Increase / Decrease In Cash (Rb40(b) – 40 (A)) – 1906941/- രൂപ
വ്യത്യാസം – 18089077/- രൂപ

1-1-4 ഓൺലൈൻ കളക്ഷന് രസീത് ഇല്ല

ഓൺലൈൻ കളക്ഷന് രസീത് ഇല്ല

1-1-5 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല.

ദി. സിറ്റിസൺ – ഭരണഘടനാ സാക്ഷരതായജ്ഞം – എന്ന പദ്ധതിയ്ക്കായി ചെലവഴിച്ച 32,000/- രൂപാ Amount Payable To Other Creditors എന്ന ഹെഡിൽ ആണ് ചേർത്തിരിക്കുന്നത്.

1-1-6 വാർഷിക കണക്കുകളിലേയും രജിസ്റ്ററുകളിലേയും തുകകൾ പൊരുത്തപ്പെടുന്നില്ല.

വാർഷിക കണക്കുകളിലെ തുകകളും DCB രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല.
വാടക രജിസ്റ്റർ പ്രകാരമുള്ള തൻവർഷ ഡിമാന്റ് – 187965/- രൂപ, കളക്ഷൻ – 193323/- രൂപ.
AFS പ്രകാരമുള്ള പ്രകാരമുള്ള തൻവർഷ ഡിമാന്റ് – 189939/- രൂപ, കളക്ഷൻ – 189939/- രൂപ.

1-1-7 ആസ്തി രജിസ്റ്റർ ക്രമപ്രകാരം സൂക്ഷിക്കുന്നില്ല.

ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

1-1-8 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

ഉദാ- വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി ഇല്ല.

1-1-9 ലെഡ്ജർ ബാലൻസുകളും രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.

ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.

1-1-10 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും ബാങ്ക് / ട്രഷറി നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

ധനകാര്യകമ്മീഷൻ ഗ്രാന്റ് –
B4 പ്രകാരമുള്ള തുക – 1422041 + 4969427 = 63,91,468/- രൂപ
ബാങ്ക് – 64,40,140/- രൂപ

വികസനഫണ്ട് ജനറൽ, എസ്.സി.പി. ചെലവു കണക്കുകൾ ACR-മായി പൊരുത്തപ്പെടുന്നില്ല.

1-1-11 സ്ഥാപനത്തിന് മറ്റ് സ്ഥാപനങ്ങൾ ഗ്രാന്റ് ആയി നല്കിയ തുക ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യ തുക Capital Contribution ശീർഷകത്തിലേക്ക് മാറ്റിയില്ല.

കോർപ്പറേഷൻ ഫണ്ട് – 20,96,855/- രൂപ (76/23), 5,98,294/- രൂപ (119/23)

### 1-1-12 അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് എജൻസി - ഇനത്തിൽ തെറ്റായ രേഖപ്പെടുത്തൽ.

അഡ്വാൻസ് ടു ഇംപ്ലിമെന്റിംഗ് എജൻസി - ഇലക്ട്രിസിറ്റി ബോർഡ് എന്ന ഇനത്തിൽ 1,17,189/- രൂപ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

### 1-1-13 ജേണൽ വൗച്ചറുകൾക്ക് അനുസൃതമായ അനുബന്ധ രേഖകൾ ഇല്ല.

Capital Work In Progress എന്ന പേരിൽ മുൻബാക്കി ആയി ചേർത്തിരിക്കുന്ന തുക ആസ്തിയാക്കി മാറ്റിയതിന്റെ രേഖകൾ ലഭ്യമാക്കിയില്ല.

### 1-1-14 മുൻവർഷത്തെ ബാലൻസ്ഷീറ്റ് പ്രകാരമുള്ള ബാധ്യതകൾ തൻവർഷത്തെ മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസം.

1) എസ്.ബി.റ്റി (സുനാമി) അക്കൗണ്ടിലെ നീക്കിയിരുപ്പ് 81,556/- രൂപയാണ്. ആയതിന്റെ ബാങ്ക് പാസ്ബുക്ക് / സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.
2) കൊല്ലം ഡി.സി.ബി (ദുരിതാശ്വാസം) അക്കൗണ്ടിലെ നീക്കിയിരുപ്പ് 2,643/- രൂപയാണ്. ആയതിന്റെ ബാങ്ക് പാസ്ബുക്ക് / സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

### 1-2 ബജറ്റ്

ബജറ്റ് 25-3-22 ലെ I(1) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 24-2-23 ലെ 7(1) തീരുമാനപ്രകാരവും അംഗീകരിച്ചു.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,99,01,137/- രൂപ |
| വരവ് | 4,99,79,970/- രൂപ |
| ആകെ | 6,98,81,107/- രൂപ |
| ചെലവ് | 4,80,73,029/- രൂപ |
| നീക്കിയിരിപ്പ് | 2,18,08,078/- രൂപ |
| വരവിനങ്ങളിലെ നഷ്ടം | |
| ചെലവിനങ്ങളിലെ നഷ്ടം | 92,590/- രൂപ |
| തടസ്സപ്പെടുത്തിയ തുക | 39,39,275/- രൂപ |

വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിലെ ട്രഷറി വരവ് ചെലവുകൾ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റുമെന്റിൽ ഇല്ലാത്തതിനാൽ ധനകാര്യ വിശകലനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ്/ ലാപ്സായ തുക ₹ |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 2,04,48,000 | 2,04,48,000 | 2,03,56,787 | 91,213 (സുലേഖ പ്രകാരം പദ്ധതി നം. 245/23 – 221473/- രൂപ + 25000/- രൂപ (നം. 132/23) ചെലവ് ഉൾപ്പെട്ടിട്ടില്ല). |

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് (എസ്.സി.പി) | 0 | 94,02,000 | 94,02,000 | 92,25,347 | 1,76,653 |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (Untied) ട്രഷറി | 0 | 85924 | 85,924 | 85,000 | 924 |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (Untied) ബാങ്ക് | 5,97,892 | 48,29,723 | 54,27,615 | 40,05,574 | 14,22,041 |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (Tied) ബാങ്ക് | 29,86,005 | 69,59,000 | 99,45,005 | 49,75,578 | 49,69,427 |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (Tied) ട്രഷറി | 0 | 7,75,068 | 7,75,068 | 6,88,197 | 86,871 |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 0 | 99,96,000 | 99,96,000 | 99,96,000 | |
| മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) | 0 | 56,90,000 | 56,90,000 | 56,90,000 | |
| സംസ്ഥാനാവിഷ്കൃതം | | | | | |
| റ്റി.എസ്.സി | 7,88,609 | | 7,88,609 | | 7,88,609 |
| വിമുക്തി | 645 | | 645 | | 645 |
| നിർമ്മൽ പുരസ്കാരം | 369 | - | 369 | - | 369 |
| ശുചിത്വമിഷൻ I | | 1,60,000 | 1,60,000 | 1,60,000 | |
| ശുചിത്വമിഷൻ II | 16,92,914 | | 16,92,914 | 3,82,000 | 13,10,914 |
| കുടുംബശ്രീ-ബഡ്സ്കൂൾ | 2,00,000 | 1,00,000 | 3,00,000 | - | 3,00,000 |
| സോളിഡ് വേസ്റ്റ് മാനേജ്മെന്റ് | 8,200 | - | 8,200 | - | 8,200 |
| ലൈഫ് സ്റ്റേറ്റ് ഷെയർ | 1,60,000 | 31,40,000 | 33,00,000 | 29,25,000 | 75,000 |
| കേന്ദ്രാവിഷ്കൃത ഗ്രാന്റ് | | | | | |
| ഐസിഡിഎസ് | 0 | 14,96,888 | 14,96,888 | 6,19,388 | 8,77,500 |
| എംജിഎൻആർഇജിഎസ് | 39 | 7,95,033 | 7,95,072 | 7,95,033 | 39 |
| റ്റി.എസ്.സി | 14,17,138 | | 14,17,138 | 14,10,358 | 6,780 |
| ഹോമിയോപ്പതി ക്യാപിറ്റൽ ഫണ്ട് | | 4,50,000 | 4,50,000 | | 4,50,000 |
| എസ്.എസ്.എ | 3,00,000 | - | 3,00,000 | - | 3,00,000 |
| ഹെൽത്ത് ഗ്രാന്റ് 1 | | 2,08,838 | 2,08,838 | | 2,08,838 |
| ഹെൽത്ത് ഗ്രാന്റ് 2 | | 1,488 | 1,488 | | 1,488 |
| ഹെൽത്ത് ഗ്രാന്റ് 3 | | 1,10,000 | 1,10,000 | | 1,10,000 |
| സുനാമി | 81,556 | - | 81,556 | - | 81,556 |
| ഐ.എ.വൈ | 8,00,000 | - | 8,00,000 | - | 8,00,000 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി | നടപ്പാക്കിയത് | പദ്ധതി | ഭാഗികമായി | നടപ്പാക്കാത്തവ | പൂർത്തീകരിച്ച |
|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | അടങ്കൽ (രൂപ) | (എണ്ണം) | ചെലവ് (രൂപ) | നടപ്പാക്കിയത് (എണ്ണം) | (എണ്ണം) | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 239 | 15,28,79,776/- | 130 | 7,71,28,384/- | 49 | 60 | 54.4% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 39/- | 7,95,033/- | 7,95,072/- | 7,95,033/- | 39/- |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 2,74,65,072/- | 2,74,65,072/- | 2,74,65,072/- | |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക |
|---|---|
| തൊഴിൽരഹിത വേതനം | 25,200/- |
| കർഷകതൊഴിലാളി പെൻഷൻ | 7,21,000/- |
| വിധവാപെൻഷൻ | 1,31,06,000/- |
| വാർദ്ധക്യകാലപെൻഷൻ | 2,13,88,300/- |
| വികലാംഗപെൻഷൻ | 40,31,600/- |
| വിവാഹധനസഹായം | 1,50,000/- |
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 3,02,800/- |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.09.2023 ന് 3.00 Pm ന് നടത്തുകയുണ്ടായി. പരിശോധനയിൽ 506/- രൂപയുടെ (ക്യാഷ് ) കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ പൊതുജീവിതത്തെ സ്വാധീനിക്കുന്ന ക്ഷേമ, സാമ്പത്തിക, വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന വിധത്തിൽ അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിച്ചുവരുന്നുണ്ട്.

നികുതി, നികുതിയേതര വരവിനങ്ങളിലെ തുകകൾ കൃത്യമായി നിർണ്ണയിച്ച് പിരിവ് നടത്തുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിന് ചട്ടങ്ങളിൽ പരാമർശിച്ചിട്ടുള്ള നടപടികൾ, പരിശോധനകൾ എന്നിവ ക്രമപ്രകാരം നടത്തുന്നതിന്റെ രേഖയില്ല.

നിക്ഷേപപ്രവൃത്തികൾക്കായി സാമൂഹ്യ സുരക്ഷാ മിഷൻ, പൊതുമരാമത്ത് വകുപ്പ് എന്നിവയിൽ അടവാക്കിയിട്ടുള്ള തുകകളുടെ വിനിയോഗ സാക്ഷ്യപത്രം സൂക്ഷിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ ബാധകമായ നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗനിർദ്ദേശങ്ങൾക്കും അനുസൃതമായി മിതവ്യയം പാലിച്ച് ഫലപ്രാപ്തിയിലെത്തിക്കുന്നതിന് ഉതകുന്ന നിയന്ത്രണ/മേൽനോട്ട സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ ഭരണ നിർവഹണാധികാരികൾ

ശ്രദ്ധിക്കേണ്ടതുണ്ട്.

പദ്ധതി ആസൂത്രണ നിർവഹണ പ്രവർത്തനങ്ങൾ സമയബന്ധിതമായി ഫലപ്രാപ്തിയിലെത്തിക്കുന്നതിന് ഗ്രാമപഞ്ചായത്ത് അധികാരികൾ കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്.

ഭവനനിർമ്മാണം/ഭവനപുനരുദ്ധാരണം എന്നീ പ്രവൃത്തികൾ സമയബന്ധിതമായിത്തന്നെ പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കേണ്ടതാണ്.

എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പ്രവർത്തനങ്ങളിൽ മിതവ്യയം പാലിക്കപ്പെടുന്നുണ്ട് എന്ന് മരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. ഹരിതകർമസേനയുടെ പ്രവർത്തനങ്ങളുടെ കാര്യക്ഷമതയ്ക്കായി ഗ്രീൻ ഫെസിലിറ്റേഷൻ സെന്ററിന്റെ പേരിൽ പോലും സാദ്ധ്യമായിടത്തൊക്കെ എഞ്ചിനീയറിംഗ് വിഭാഗം നിർമ്മാണ പ്രവൃത്തികൾ നടത്തിയിട്ടുണ്ടെങ്കിലും, നിർമ്മാണത്തിൽ നിർദ്ദിഷ്ട മാനദണ്ഡങ്ങൾ പാലിക്കുകയോ, വിനിയോഗ സൗകര്യങ്ങൾ കണക്കിലെടുക്കുകയോ ചെയ്തതായി കാണുന്നില്ല. ആവശ്യത്തിലധികമായി ഇരുമ്പ് കമ്പി(square Steel Bar)കളുപയോഗിച്ച് ഗ്രില്ലുകൾ തീർത്ത് ഷെഡുകൾ കവർ ചെയ്തിരിക്കുന്നത് തികച്ചും അശാസ്ത്രീയവും അസൗകര്യങ്ങളുണ്ടാക്കുന്ന വിധത്തിലുമാണ്. കണ്ടഞ്ചിറ മാർക്കറ്റിലെ കടമുറികളുടെ മുകളിൽ ഇത്തരത്തിൽ നിർമ്മിച്ചിട്ടുള്ള ഒന്നിൽ കൂടുതൽ ഷെഡുകൾ കാണാൻ കഴിഞ്ഞു. മരാമത്ത് പ്രവൃത്തികൾക്കായുള്ള പദ്ധതികൾ ആവിഷ്കരിക്കുമ്പോഴും നടപ്പിൽ വരുത്തുമ്പോഴും പദ്ധതിപണത്തിന്റെ വിനിയോഗത്തിലെ മിതവ്യയവും പൂർണ്ണമായ കാര്യക്ഷമതയും ഉറപ്പുവരുത്തുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്. മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പദ്ധതി നടത്തിപ്പ് ഘട്ടങ്ങളിൽ പരിഷ്കരിക്കേണ്ടിവരുമ്പോഴും, ആയതിനു കാരണമാകുന്ന സാഹചര്യങ്ങളും പരിഷ്കരിക്കപ്പെടുന്ന എസ്റ്റിമേറ്റുകളുടെ എണ്ണത്തിന്റെ ശതമാന കണക്കും ബന്ധപ്പെട്ടവർ പരിശോധനാ വിധേയമാക്കേണ്ടതാണ്.

വികസനഫണ്ട് തുകകൾ തിരികെ അതേ സാമ്പത്തിക വർഷം തന്നെ ഒടുക്കുമ്പോൾ സ്വീകരിക്കേണ്ട നടപടി ക്രമങ്ങൾ പാലിക്കാതെ തുക എ.സി.ആറിൽ കുറവു ചെയ്ത് പ്രസ്തുത പ്രോജക്ടിനായി വീണ്ടും ചെലവു ചെയ്യുന്നതായും ശ്രദ്ധയിൽപ്പെട്ടു. വീട് പുനരുദ്ധാരണത്തിനായുള്ള പ്രോജക്ട് നമ്പർ 132 ലെ ഗുണഭോക്താവായ രമ അഡ്വാൻസ് ഇനത്തിൽ കൈപ്പറ്റിയ 25000/- രൂപ (വികസനഫണ്ട് ജനറൽ ) 15-2-23 ലെ 1220601514 നമ്പർ രസീതു പ്രകാരം തിരികെ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയെങ്കിലും ആയത് നാളിതുവരെ ബന്ധപ്പെട്ട അക്കൗണ്ടിൽ തിരിച്ചടയ്ക്കാതെ പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിട്ട് വെബ് സാംഖ്യയിൽ ബിൽ സറണ്ടർ ഓപ്ഷൻ നൽകി പ്രോജക്ട് എക്സ്പെന്റിച്ചർ കുറച്ചതിനൊപ്പം എ.സി.ആറിൽ നെഗറ്റീവ് എൻട്രി ഇട്ട് ആകെ ചെലവ് കുറയ്ക്കുകയും തൻമൂലം നീക്കുബാക്കി കൂടുകയും ചെയ്തതായും കണ്ടെത്തി.

നിലവിൽ പഞ്ചായത്ത് അക്കൌണ്ടിൽ സൂക്ഷിച്ചിരിക്കുന്ന തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ ഒടുക്കേണ്ടതാണ്.

മേൽപരാമർശിച്ച വിഷയങ്ങളിലേക്ക് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളുടേയും പഞ്ചായത്ത് ഭരണസമിതിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25-1-23-27-1-23 | 10/22 മുതൽ 12/22 വരെ | 27-1-23 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29/08/2018 – 10/09/2018 | 2013-14 മുതൽ 2017-18 വരെ | 04.10.2018 |

## 1-11 മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കാൻ അവശേഷിക്കുന്നു.

സഞ്ചയ സോഫ്റ്റ് വെയർ രേഖപ്പെടുത്തലുകൾ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ താഴെപ്പറയുന്ന മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കാൻ അവശേഷിക്കുന്നു.

കെട്ടിട നമ്പർ

2/622,

ഉടമസ്ഥന്റെ വിവരം - INDUS TOWERS LTD, 8TH FLOOR, VANKARATHU TOWER

| ക്രമ നം | വർഷം | അർദ്ധവർഷം | വസ്തു നികുതി | ലൈ. സെസ് | സേവന സെസ് | ആകെ |
|---|---|---|---|---|---|---|
| 1 | 2018 | IInd Half | 3740.00 | 187.00 | 598.00 | 4525.00 |
| 2 | 2018 | IInd Half | 3740.00 | 187.00 | 598.00 | 4525.00 |
| 3 | 2019 | Ist Half | 3740.00 | 187.00 | 599.00 | 4526.00 |
| 4 | 2019 | IInd Half | 3740.00 | 187.00 | 598.00 | 4525.00 |
| 5 | 2020 | Ist Half | 3740.00 | 187.00 | 599.00 | 4526.00 |
| 6 | 2020 | IInd Half | 3740.00 | 187.00 | 598.00 | 4525.00 |
| 7 | 2021 | Ist Half | 3740.00 | 187.00 | 599.00 | 4526.00 |
| 8 | 2021 | IInd Half | 3740.00 | 187.00 | 598.00 | 4525.00 |
| 9 | 2022 | Ist Half | 3740.00 | 187.00 | 599.00 | 4526.00 |
| 10 | 2022 | IInd Half | 3740.00 | 187.00 | 598.00 | 4525.00 |
| | | | | | ആകെ | 45,254/- |

കെട്ടിട നമ്പർ

2/624,

ഉടമസ്ഥന്റെ വിവരം - 36/628D, A&P Arcade, Kadavanthra

| ക്രമ നം | വർഷം | അർദ്ധവർഷം | വസ്തു നികുതി | ലൈ. സെസ് | സേവന സെസ് | ആകെ |
|---|---|---|---|---|---|---|
| 1 | 2013 | Ist Half | 2000.00 | 100.00 | 320.00 | 2420.00 |
| 2 | 2013 | IInd Half | 2000.00 | 100.00 | 320.00 | 2420.00 |
| 3 | 2014 | Ist Half | 2000.00 | 100.00 | 320.00 | 2420.00 |
| 4 | 2014 | IInd Half | 2000.00 | 100.00 | 320.00 | 2420.00 |
| 5 | 2015 | Ist Half | 2000.00 | 100.00 | 320.00 | 2420.00 |
| 6 | 2015 | IInd Half | 2000.00 | 100.00 | 320.00 | 2420.00 |
| 7 | 2016 | Ist Half | 2000.00 | 100.00 | 320.00 | 2420.00 |
| 8 | 2016 | IInd Half | 2000.00 | 100.00 | 320.00 | 2420.00 |
| 9 | 2017 | Ist Half | 2000.00 | 100.00 | 320.00 | 2420.00 |
| 10 | 2017 | IInd Half | 2000.00 | 100.00 | 320.00 | 2420.00 |
| 11 | 2018 | Ist Half | 2000.00 | 100.00 | 320.00 | 2420.00 |
| 12 | 2018 | IInd Half | 2000.00 | 100.00 | 320.00 | 2420.00 |
| 13 | 2019 | Ist Half | 2000.00 | 100.00 | 320.00 | 2420.00 |
| 14 | 2019 | IInd Half | 2000.00 | 100.00 | 320.00 | 2420.00 |
| 15 | 2020 | Ist Half | 2000.00 | 100.00 | 320.00 | 2420.00 |
| 16 | 2020 | IInd Half | 2000.00 | 100.00 | 320.00 | 2420.00 |
| 17 | 2021 | Ist Half | 2000.00 | 100.00 | 320.00 | 2420.00 |

| | | | | | | |
|---|---|---|---|---|---|---|
| 18 | 2021 | IInd Half | 2000.00 | 100.00 | 320.00 | 2420.00 |
| 19 | 2022 | Ist Half | 2000.00 | 100.00 | 320.00 | 2420.00 |
| 20 | 2022 | IInd Half | 2000.00 | 100.00 | 320.00 | 2420.00 |
| | | | | | ആകെ | 48,400/- |

കെട്ടിട നമ്പർ

11/577,

ഉടമസ്ഥന്റെ വിവരം - Vazhuvelil Buildings Pillaveedukalayil

| ക്രമ നം | വർഷം | അർദ്ധവർഷം | വസ്തു നികുതി | ലൈ. സെസ് | സേവന സെസ് | ആകെ |
|---|---|---|---|---|---|---|
| 1 | 2013 | Ist Half | 5000.00 | 250.00 | 800.00 | 6050.00 |
| 2 | 2013 | IInd Half | 5000.00 | 250.00 | 800.00 | 6050.00 |
| 3 | 2014 | Ist Half | 5000.00 | 250.00 | 800.00 | 6050.00 |
| 4 | 2014 | IInd Half | 5000.00 | 250.00 | 800.00 | 6050.00 |
| 5 | 2015 | Ist Half | 5000.00 | 250.00 | 800.00 | 6050.00 |
| 6 | 2015 | IInd Half | 5000.00 | 250.00 | 800.00 | 6050.00 |
| 7 | 2016 | Ist Half | 5000.00 | 250.00 | 800.00 | 6050.00 |
| 8 | 2016 | IInd Half | 5000.00 | 250.00 | 800.00 | 6050.00 |
| 9 | 2017 | Ist Half | 5000.00 | 250.00 | 800.00 | 6050.00 |
| 10 | 2017 | IInd Half | 5000.00 | 250.00 | 800.00 | 6050.00 |
| 11 | 2018 | Ist Half | 5000.00 | 250.00 | 800.00 | 6050.00 |
| 12 | 2018 | IInd Half | 5000.00 | 250.00 | 800.00 | 6050.00 |
| 13 | 2019 | Ist Half | 5000.00 | 250.00 | 800.00 | 6050.00 |
| 14 | 2019 | IInd Half | 5000.00 | 250.00 | 800.00 | 6050.00 |
| 15 | 2020 | Ist Half | 5000.00 | 250.00 | 800.00 | 6050.00 |
| 16 | 2020 | IInd Half | 5000.00 | 250.00 | 800.00 | 6050.00 |
| 17 | 2021 | Ist Half | 5000.00 | 250.00 | 800.00 | 6050.00 |
| 18 | 2021 | IInd Half | 5000.00 | 250.00 | 800.00 | 6050.00 |
| 19 | 2022 | Ist Half | 5000.00 | 250.00 | 800.00 | 6050.00 |
| 20 | 2022 | IInd Half | 5000.00 | 250.00 | 800.00 | 6050.00 |
| | | | | | ആകെ | 1,21,000/- |

കെട്ടിട നമ്പർ

11/638,

ഉടമസ്ഥന്റെ വിവരം - Aircel Dishnet Wireless Limited

| ക്രമ നം | വർഷം | അർദ്ധവർഷം | വസ്തു നികുതി | ലൈ. സെസ് | സേവന സെസ് | ആകെ |
|---|---|---|---|---|---|---|
| 1 | 2017 | Ist Half | 2500.00 | 125.00 | 400.00 | 3025.00 |
| 2 | 2017 | IInd Half | 2500.00 | 125.00 | 400.00 | 3025.00 |
| 3 | 2018 | Ist Half | 2500.00 | 125.00 | 400.00 | 3025.00 |
| 4 | 2018 | IInd Half | 2500.00 | 125.00 | 400.00 | 3025.00 |
| 5 | 2019 | Ist Half | 2500.00 | 125.00 | 400.00 | 3025.00 |
| 6 | 2019 | IInd Half | 2500.00 | 125.00 | 400.00 | 3025.00 |

| | | | | | | |
|---|---|---|---|---|---|---|
| 7 | 2020 | Ist Half | 2500.00 | 125.00 | 400.00 | 3025.00 |
| 8 | 2020 | IInd Half | 2500.00 | 125.00 | 400.00 | 3025.00 |
| 9 | 2021 | Ist Half | 2500.00 | 125.00 | 400.00 | 3025.00 |
| 10 | 2021 | IInd Half | 2500.00 | 125.00 | 400.00 | 3025.00 |
| 11 | 2022 | Ist Half | 2500.00 | 125.00 | 400.00 | 3025.00 |
| 12 | 2022 | IInd Half | 2500.00 | 125.00 | 400.00 | 3025.00 |
| 13 | 2023 | Ist Half | 2625.00 | 132.00 | 420.00 | 3177.00 |
| 14 | 2023 | IInd Half | 2625.00 | 131.00 | 420.00 | 3176.00 |
| | | | | | ആകെ | 42,653/- |

മേൽവിഷയം സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 30/19.09.2023 ന് മറുപടി ലഭ്യമാക്കിയില്ല. നികുതി ഒടുക്കിയതിൽ വീഴ്ച വരുത്തിയവർക്കെതിരെ കേരള പഞ്ചായത്തീരാജ് നിയമത്തിലെ സെക്ഷൻ 210, 1996 ലെ കേരള പഞ്ചായത്ത് രാജ് (നികുതി നിർണ്ണയവും ഈടാക്കലും അപ്പീലും) ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള നിയമ നടപടികളും സ്വീകരിച്ചതായി കാണുന്നില്ല.

മേൽപരാമർശിച്ച കെട്ടിടങ്ങളിൽ നിന്നും ഈടാക്കാൻ അവശേഷിക്കുന്ന നികുതി 257307/- രൂപയും പിഴപലിശയും ഈടാക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. മുൻവർഷങ്ങളിലെ കുടിശ്ശിക ഈടാക്കുന്നതിൽ വീഴ്ച വന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്. നികുതി കാലഹരണപ്പെടുന്നതുമൂലം ഈടാക്കാൻ കഴിയാതെവന്നാൽ യഥാസമയം പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്ന് ഈടാക്കേണ്ടതാണ്.

1-12 തനത് വരുമാനം - അവലോകനം

വസ്തുനികുതി പരിഷ്ക്കരണ നടപടികൾ

ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 22.03.2023 -ലെ സ.ഉ.(കൈ)നം. 77/2023/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പുതുക്കി നിശ്ചയിക്കൽ

2022-23 വരെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വാർഷിക വസ്തുനികുതിയോടൊപ്പം 2023-24 മുതൽ ഓരോ വർഷവും, തൊട്ടു മുൻവർഷം പ്രാബല്യത്തിലുള്ള നികുതിയുടെ അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തി ഗ്രാമപഞ്ചായത്തുകളും നഗരസഭകളും അടുത്ത അഞ്ചു വർഷത്തേക്കുള്ള വസ്തുനികുതി പുതുക്കി നിശ്ചയിക്കേണ്ടതുണ്ട്. ആയത് പ്രകാരം 2022-23 വരെ നികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വസ്തുനികുതി 01.04.2023 പ്രാബല്യത്തിൽ 5% വർദ്ധിപ്പിച്ചിട്ടുണ്ട്.

2. കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ സോഫ്റ്റ് വെയറിൽ ചേർക്കൽ

വസ്തുനികുതി നിർണ്ണയത്തിന് ശേഷം തറ വിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മറ്റും മാറ്റം വരുത്തുക, സോഫ്റ്റ്വെയറിൽ കൃത്യമല്ലാത്ത വിവരങ്ങൾ ചേർക്കുക എന്നിവ മൂലം നികുതി നിർണ്ണയത്തിന് അടിസ്ഥാനമാക്കിയ വിവരങ്ങളിൽ നിന്നും വ്യത്യസ്തമാണ് പല കെട്ടിടങ്ങളുടെയും നിലവിലെ അവസ്ഥ. കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്വെയറിൽ ചേർത്ത്, ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി പുനർനിർണ്ണയിക്കേണ്ടതുണ്ടെങ്കിലും അതിനുള്ള നടപടികളൊന്നും ആരംഭിച്ചിട്ടില്ല.

3. 2023-24 മുതൽ വസ്തുനികുതി നിരക്കുകളും മേഖലകളും റോഡുകളുടെ തരംതിരിവും പുതുക്കൽ

2023-24 മുതൽ പുതുതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്ത് നികുതി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഇതിലേക്കായി 05.04.2023-ലെ സ.ഉ.(അച്ചടി) നം.25/2023/തസ്വഭവ (എസ്.ആർ.ഒ. നം.479/2023 തീയതി: 10.04.2023) പ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ കുറഞ്ഞതും കൂടിയതുമായ പരിധികൾ നിശ്ചയിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ പരിധിയ്ക്ക് വിധേയമായി വിവിധതരം കെട്ടിടങ്ങളുടെയും അവയുടെ ഉപവിഭാഗങ്ങളുടെയും അടിസ്ഥാന വസ്തുനികുതി നിരക്കുകൾ ഭരണസമിതി യോഗം നിശ്ചയിച്ച് കരട് വിജ്ഞാപനം ചെയ്തിട്ടുണ്ട്. വസ്തുനികുതി പരിഷ്കരണം പൂർത്തിയാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

4. ഫീൽഡ്തല പരിശോധനകൾ

രണ്ട് നിലകൾ വരെയുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളും, 50 ചതുരശ്രമീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങളും, മതപരമായ കെട്ടിടങ്ങളും, ഗ്രൂപ്പ് ജി1, ജി2, ഐ എന്നിവയിൽ ഉൾപ്പെട്ട കെട്ടിടങ്ങളും ഒഴികെയുള്ള എല്ലാ കെട്ടിടങ്ങളും ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ നിർബന്ധമായും പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തേണ്ടതാണെന്ന് 2019ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 21(1)ൽ വ്യക്തമാക്കിയിട്ടുണ്ട്. സർക്കുലർ RB3/178/2020 ത.സ്വ.ഭ.വ. തീയതി 20/06/22 പ്രകാരമുള്ള ഫീൽഡ് സന്ദർശനങ്ങൾ നടത്തിയിട്ടില്ല.

വസ്തുനികുതി രജിസ്റ്ററിലെയും സഞ്ചയ സോഫ്റ്റ്വെയറിലെയും രേഖപ്പെടുത്തലുകൾ തമ്മിൽ നാമമാത്രമായ വ്യത്യാസം മാത്രമാണുള്ളത്.

ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കി ഡാറ്റാ ലോക്ക് ചെയ്തിട്ടില്ല.

അനധികൃത കെട്ടിടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ ക്രമവത്കരണം സംബന്ധിച്ച അപേക്ഷകളിലെ തീർപ്പാക്കലും പുരോഗതിയും പരിശോധിക്കാൻ സാധിക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിലെ വിവിധ കെട്ടിടങ്ങളിൽ നിന്നും സേവന ഉപനികുതി ഈടാക്കി വരുന്നു.

തൊഴിൽ നികുതി

ഗ്രാമപഞ്ചായത്ത് പരിധിയിലെ വിവിധ മേഖലകളിൽ പണിയെടുക്കുന്ന സ്വയംതൊഴിലിൽ ഏർപ്പെടുന്ന തൊഴിലാളികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

1-13 കന്നുകുട്ടി പരിപാലനപദ്ധതി - സബ്സിഡി മാർഗ്ഗരേഖ പാലിച്ചില്ല.

കന്നുകുട്ടി പരിപാലനപദ്ധതി പ്രകാരം ആനുകൂല്യം നൽകിയപ്പോൾ സബ്സിഡി മാർഗ്ഗരേഖാ മാനദണ്ഡങ്ങൾ പാലിച്ചില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്റ്റ് നമ്പർ | 196/23 |
| പ്രോജക്റ്റ് | കന്നുകുട്ടി പരിപാലനപദ്ധതി |
| അടങ്കൽ | 7,50,000/- |
| ഫണ്ടിനം | വികസനഫണ്ട് ജനറൽ |
| ചെലവ് | 3,75,000/- |
| ബിൽ നമ്പർ | 16/22-23/16-2-23 |

സബ്സിഡി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (കൈ) നം. 115/2022/തസ്വഭവ തീയതി 28-05-2022 ലെ ഖണ്ഡിക 6-3(7) പ്രകാരം പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കൾ മൃഗാശുപത്രിയിൽ നിലവിലുള്ള കന്നുകുട്ടി ജനനരജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുള്ള കന്നുകുട്ടികളെ

ഉൾപ്പെടുത്തി ഗ്രാമസഭ / വാർഡ് സഭ അംഗീകരിച്ചവരായിരിക്കണം. എന്നാൽ മേൽ പ്രോജക്ട് പ്രകാരം ആനുകൂല്യം നൽകാനായി SLBP അസിസ്റ്റന്റ് ഡയറക്ടർക്ക് നൽകിയ ലിസ്റ്റിൽ ആകെ ഉള്ള മുപ്പത് പേർക്ക് 12,500/-രൂപ നിരക്കിൽ തുക ഒടുക്കിയപ്പോൾ ആയതിൽ പന്ത്രണ്ട് ഗുണഭോക്താക്കൾ മാത്രമേ കന്നുകുട്ടി ജനനരജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളൂ. ബാക്കിയുള്ളവർ കന്നുകുട്ടി ജനനരജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. ആയത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഹാജരാക്കിയ വിനിയോഗസാക്ഷ്യപത്രപ്രകാരം നാളിതുവരെ 1,11,039/- രൂപ വിനിയോഗിച്ചിട്ടുണ്ടെന്നും 2,63,961/- രൂപ വിനിയോഗിക്കാൻ ബാക്കി ഉണ്ടെന്നും അറിയിച്ചിട്ടുണ്ട്. കന്നുകുട്ടി ജനനരജിസ്റ്ററിൽ ഉൾപ്പെടാത്ത 18 കന്നുകുട്ടികൾക്കായി SLBPയിൽ ഒടുക്കിയ തുകയായ 2,25,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുക SLBPയിൽ നിന്ന് തിരികെ ഈടാക്കി ഒടുക്കുവരുത്തി വിവരം അറിയിക്കേണ്ടതാണ്. പദ്ധതി പൂർത്തീകരിച്ചത് സംബന്ധിച്ച വിശദമായ വിനിയോഗ സാക്ഷ്യപത്രം സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 14/18-9-23

തടസ്സപ്പെടുത്തിയ തുക – 2,25,000/- രൂപ

## 1-14 നിക്ഷേപ പ്രവൃത്തികൾ - നടത്തിപ്പിലെ അപാകതകൾ

നിക്ഷേപ പ്രവൃത്തികൾക്ക് തുക നൽകൽ – പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 217/23 |
| പ്രോജക്ട് | ചെമ്മക്കാട് പമ്പ് ഹൗസിലേക്ക് പുതിയ പമ്പ് സെറ്റ് സ്ഥാപിക്കൽ |
| അടങ്കൽ | 2,56,000/- |
| ഫണ്ടിനം | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 2,30,000/- |
| ബിൽ നമ്പർ | XVFC/2022-23/P/39/2-11-22 |

ചെമ്മക്കാട് വാർഡിലെ പമ്പ് ഹൗസിലെ മോട്ടാർ പമ്പ് കേടായതിനാൽ പുതിയപമ്പ് സെറ്റിന് വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റ് പ്രകാരം തുക നിക്ഷേപിക്കുന്നതിനായി ആവിഷ്കരിച്ചതാണ് പ്രസ്തുത പ്രോജക്ട്. 12-7-22ലെ 1(7) നമ്പർ തീരുമാനപ്രകാരം പ്രോജക്ടിന് അംഗീകാരം കിട്ടുന്നതിന് കാലതാമസം ഉള്ളതിനാൽ വാട്ടർ അതോറിറ്റിയുടെ നിക്ഷേപ്രവൃത്തികൾക്കായി തനതുഫണ്ടിൽ നിന്നും തുക നൽകി, പ്രോജക്ടിന് അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് റീക്കൂപ്പ് ചെയ്യാൻ തീരുമാനിച്ചു. ആയത് പ്രകാരം 4-8-22 ലെ 15113 നമ്പർ ചെക്ക് പ്രകാരം 4,77,900/- രൂപ താഴെ പറയുന്ന പദ്ധതികൾക്കായി നിക്ഷേപിച്ചു.

| ക്രമ നമ്പർ | എസ്റ്റിമേറ്റ് നമ്പർ | ഇനം | എസ്റ്റിമേറ്റ് തുക |
|---|---|---|---|
| 1 | 2022/25205 | Supply Of 7.5 HP(1no)and 10 HP(1nos) Submersible Pump Set At Panayam | 2,30,000/- |
| 2 | 2022/26297 | Deposit Work-RWSS To Panayam Replacing The Old Damaged 150mm AC Pipe From Packing Centre To Vayanasala Junction In Panayam | 1,25,500/- |
| 3 | 2022/26295 | Laying Of 90 Mm PVC Pipeline (6Kg/cm2) And Interconnection Work From Chemmakkad Overbridge To Vayal Area In Panayam | 1,22,400/- |

1) ഫയൽ പരിശോധിച്ചതിൽ 26-12-22 ലെ 400314/FMFM34/GPO/2022/1924 നമ്പർ നടപടിക്രമ പ്രകാരം 4,77,900/-രൂപാ നിക്ഷേപിക്കുന്നുവെന്നും ആയത് റീക്കൂപ്പ് ചെയ്യേണ്ടതാണെന്നും

രേഖപ്പെടുത്തിയിരുന്നുവെങ്കിലും ക്രമനമ്പർ 1 പ്രകാരം ഉള്ള 2,30,000/- രൂപ മാത്രമാണ് ധനകാര്യകമ്മീഷൻ ഗ്രാന്റായി പ്രോജക്ട് പ്രകാരം പിൻവലിച്ച് തനതു ഫണ്ടിൽ ഒടുക്കിയത്. ബാക്കി എസ്റ്റിമേറ്റ് പ്രകാരം തുക ഒടുക്കിയെങ്കിലും ആയതിനായി പ്രോജക്ട് വച്ച് അംഗീകാരം വാങ്ങിയിട്ടില്ല. പ്രോജക്ട് വയ്ക്കാതെ തുക പിൻവലിച്ച് ഡെപ്പോസിറ്റ് പ്രവൃത്തിയായി മുൻകൂർ ഒടുക്കിയതിന്റെ കാരണവും തുക തിരികെ തനതു ഫണ്ടിലേക്ക് റീക്കുപ്പ് ചെയ്യാൻ സ്വീകരിച്ച നടപടികളുടെ വിവരങ്ങളും ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി അടുത്ത പദ്ധതി ഭേദഗതി അവസരത്തിൽ പദ്ധതിയിൽ ഉൾപ്പെടുത്തി തുക റീക്കുപ്പ് ചെയ്യുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

2) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രവും പൂർത്തീകരണ സാക്ഷ്യപത്രവും ലഭ്യമാക്കാൻ ആവശ്യപ്പെട്ടപ്പോൾ ഫൈനൽ ബിൽ സമർപ്പിച്ചിട്ടില്ല എന്നാണ് വാട്ടർ അതോറിറ്റിയിൽ നിന്ന് അറിയച്ചത് എന്നും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ചെമ്മക്കാട് വാർഡിലെ പമ്പ് ഹൗസിലെ മോട്ടാർ പമ്പ് കേടായതിനാൽ വാട്ടർ അതോറിറ്റിയുടെ എസ്റ്റിമേറ്റ് പ്രകാരം പുതിയ പമ്പ് സ്ഥാപിച്ചതിനെ തുടർന്ന് നിലവിൽ ഉണ്ടായിരുന്ന പമ്പ് ലേലം ചെയത് വിറ്റ തുക വരവ് വന്ന വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടപ്പോൾ ആയത് വാട്ടർ അതോറിറ്റി സ്ഥാപിച്ച മോട്ടോർ ആണെന്നും ആയതിനാൽ ലേലം ചെയ്യാൻ കഴിയില്ല എന്നുമാണ് അറിയിച്ചിരിക്കുന്നത്. വാട്ടർ അതോറിറ്റി സ്ഥാപിച്ച മോട്ടോർ മാറ്റി സ്ഥാപിക്കുന്നതിനായി പഞ്ചായത്ത് തുക നൽകിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.
മേൽ പരാമർശിക്കപ്പെട്ട അപാകതകളുള്ളതിനാൽ 3 എസ്റ്റിമേറ്റിലുമായി ഡെപ്പോസിറ്റ് ചെയ്ത 4,77,900/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും പ്രവൃത്തികളുടെ വിശദമായ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതും തനത്ഫണ്ടിൽ നിന്നും ചെലവഴിച്ച തുക റീക്കുപ്പ് ചെയ്ത് വിവരം അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 1/14-9-23

തടസ്സപ്പെടുത്തിയ തുക – 4,77,900/- രൂപ

1-15 സി.എഫ്.എൽ.റ്റി.സിയിലെ സാധന, സാമഗ്രികൾ സൂക്ഷിക്കുന്നതിന് വൻതുക വാടകനൽകുന്നു.

കോവിഡ് പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി പെരുമൺ എഞ്ചിനിയറിംഗ് കോളേജിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന സി.എഫ്.എൽ.റ്റി.സിയിലെ സാധന-സാമഗ്രികൾ കോളേജിൽ ക്ലാസ്സുകൾ ആരംഭിച്ചതിനെ തുടർന്ന് 19.11.21-ന് ശ്രീ. മനോജ്, ശ്രീമതി. രശ്മി എന്നിവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലേക്ക് മാറ്റി. ഇതിന് 12/21 കാലയളവ് മുതൽ 11,444/- രൂപ പ്രതിമാസ നിരക്കിൽ വാടക നൽകിക്കൊണ്ടിരിക്കുന്നു.

| പ്രോജക്ട് | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ സ്പിൽ ഓവർ | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ |
|---|---|---|
| അടങ്കൽ | 24,000/- | 2,00,000/- |
| ചെലവ് | 22,888/- | 1,14,440/- |

ഉപയോഗിക്കാതെ കിടക്കുന്ന സാധന-സാമഗ്രികൾ ബന്ധപ്പെട്ട അധികാരികളുടെ അനുവാദത്തോടെ ലേലംചെയ്യുകയോ, ഗ്രാമപഞ്ചായത്തിന്റെ വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഉപയോഗിക്കുന്നതിന് നൽകുകയോ ചെയ്യാതെ വൻതുക പ്രതിമാസ വാടകയിനത്തിൽ നൽകുന്നതിന് രേഖാമൂലം വിശദീകരണവും, നാളിതുവരെ സ്വീകരിച്ച തുടർനടപടിവിവരവും ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഈ ഇനങ്ങൾ 8-9-23-ൽ ലേലം ചെയ്തിട്ടുണ്ടെന്നും കെട്ടിടം ഒഴിയുന്നതാണെന്നും അറിയിച്ചു. തുടർനടപടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 8/26-9-23

1-16 പോസ്റ്റ് ഷിഫ്റ്റിംഗ്- പണി പൂർത്തീകരിച്ചില്ല

| | | |
|---|---|---|
| നിർവഹണോദ്യഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി |
| പ്രോജക്റ്റ് നമ്പർ | 8/23 | 38/23 |
| പ്രോജക്റ്റ് | പോസ്റ്റ് ഷിഫ്റ്റിംഗ് | പോസ്റ്റ് ഷിഫ്റ്റിംഗ് |
| അടങ്കൽ | 2,60,000/- | 4,00,000/- |
| ഫണ്ടിനം | ധനകാര്യകമ്മീഷൻ ഗ്രാന്റ് | വികസനഫണ്ട് ജനറൽ |
| ചെലവ് | 2,13,538/- | 3,98,885/- |
| ബിൽ നമ്പർ | XVFC/2022-23/P/13/ 20-6-22 | 2/6-5-22 |

വിവിധ വാർഡുകളിലെ പോസ്റ്റ് ഷിഫ്റ്റിംഗിനായി തുക ഒടുക്കിയെങ്കിലും നാളിതുവരെ പണി പൂർത്തീകരിച്ചില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| വിവരണം | നൽകിയ തുക | ഒടുക്കിയ സ്ഥാപനം | ബിൽ നമ്പർ |
|---|---|---|---|
| ആറാം വാർഡിലെ പോസ്റ്റ് ഷിഫ്റ്റിംഗ് | 13,006/- | കെ.എസ്.ഇ. ബി. കുണ്ടറ | XVFC/2022-23 /P/13/20-6-22 |
| ഒൻപതാം വാർഡിലെ മൂന്ന് പോസ്ററ് മാറുന്നതിനായി | 22373/- | കെ.എസ്.ഇ. ബി. പെരിനാട് | XVFC/2022-23 /P/18/16-8-22 |
| | 3781/- | | XVFC/2022-23 /P/22/22-8-22 |
| എട്ടാം വാർഡിലെ പോസ്റ്റ് ഷിഫ്റ്റിംഗ് | 38164/- | കെ.എസ്.ഇ. ബി. പെരിനാട് | XVFC/2022-23 /P/23/20-6-22 |
| വിവിധ വാർഡിലെ പോസ്റ്റ് ഷിഫ്റ്റിംഗ് | 37221/- | കെ.എസ്.ഇ. ബി. പെരിനാട് | XVFC/2022-23 /P/37/17-11-22 |
| വിവിധ വാർഡിലെ പോസ്റ്റ് ഷിഫ്റ്റിംഗ് | 5032/- | കെ.എസ്.ഇ. ബി. കിളികൊല്ലൂർ | XVFC/2022-23 /P/55/29-1-23 |
| വിവിധ വാർഡിലെ പോസ്റ്റ് ഷിഫ്റ്റിംഗ് | 18529/- | കെ.എസ്.ഇ. ബി. കുണ്ടറ | 2/6-5-22 |
| | 63598/- | കെ.എസ്.ഇ. ബി. പെരിനാട് | |
| | 91755/- | കെ.എസ്.ഇ. ബി. കിളികൊല്ലൂർ | |
| | 2,25,003/- | കെ.എസ്.ഇ. ബി. കാഞ്ഞിരം കുഴി | |
| ആകെ | 5,18,462/- | | |

വിനിയോഗസാക്ഷ്യപത്രം, പൂർത്തീകരണസാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 5,18,462/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നമ്പർ - 15/19-9-23

തടസ്സപ്പെടുത്തിയ തുക – 5,18,462/- രൂപ

1-17 പൊതു ടാപ്പുകൾ ഡിസ്മാന്റിൽ ചെയ്തതിന് ശേഷവും വാട്ടർ ചാർജ്ജ് ഒടുക്കി

ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള 320 ടാപ്പുകളിൽ 254 എണ്ണം ഡിസ്മാന്റിൽ ചെയ്തതിന് ശേഷവും മുഴവൻ ടാപ്പുകളുടെയും വാട്ടർ ചാർജ്ജ് നൽകി. (21-3-22-ലെ 70/21-22 നമ്പർ ബിൽ പ്രകാരം പിൻവലിച്ച 4,54,000/- രൂപ വാട്ടർ അതോറിറ്റിയുടെ 67000644164 നമ്പർ അക്കൗണ്ടിലേക്ക് നൽകി) പ്രസ്തുത പദ്ധതിയുടെ എഗ്രിമെന്റ് പ്രകാരം 2022 മാർച്ച് 28-ലെ 10/28-3-22 നമ്പർ എഗ്രിമെന്റ് പ്രകാരം ഈ പ്രവൃത്തി ജൂൺ 8 തീയതി ആരംഭിച്ച് ഓഗസ്റ്റ് 30 തീയതി അവസാനിക്കേണ്ടതായിരുന്നു. എന്നാൽ അതിനുശേഷം ബാക്കി 66 ടാപ്പിന് വെള്ളക്കരം ഒടുക്കുന്നതിനു പകരം വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്ത 167 എണ്ണത്തിന് സെപ്തംബർ മുതൽ വെള്ളക്കരം ഒടുക്കുകയാണ് ചെയ്തിരിക്കുന്നത്. ഗ്രാമപഞ്ചായത്തിലെ വെള്ളക്കരം അടച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നമ്പർ | 122/23 കേരളാ വാട്ടർ അതോറിറ്റി- വെള്ളക്കരമൊടുക്കൽ 2022-23 | 2/23 കേരളാ വാട്ടർ അതോറിറ്റി- വെള്ളക്കരമൊടുക്കൽ |
|---|---|---|
| ഫണ്ടിനം | മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| അടങ്കൽ | 4,00,000/- | 995280/- |
| ചെലവ് | 4,00,000/- | 977098/- |
| ബിൽ നമ്പർ | 40/20-3-23 | XVFC/2022-23/P/54/29-1-23<br>XVFC/2022-23/P/81/15-3-23 |

ഗ്രാമപഞ്ചായത്തിലെ ടാപ്പുകളുടെ ഡിമാന്റ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | വാട്ടർ അതോറിറ്റിയുടെ കണക്കു പ്രകാരമുള്ള ടാപ്പുകൾ | വാട്ടർ അതോറിറ്റിയുടെ കണക്കു പ്രകാരമുള്ള ഡിമാന്റ് | ഡിസ്മാന്റിൽ ചെയ്തതിനുശേഷമുള്ള ടാപ്പുകളുടെ എണ്ണം | ഡിസ്മാന്റിൽ ചെയ്തതിനുശേഷമുള്ള ഡിമാന്റ് |
|---|---|---|---|---|
| 4/22 | 320 | 154347/- | 320 | 154347/- |
| 5/22 | 320 | 154347/- | 320 | 154347/- |
| 6/22 | 320 | 154347/- | 320 | 154347/- |
| 7/22 | 320 | 154347/- | 320 | 154347/- |
| 8/22 | 320 | 154347/- | 320 | 154347/- |
| 9/22 | 167 | 80550 | 66 | 31834/- |
| 10/22 | 167 | 80550/- | 66 | 31834/- |
| 11/22 | 167 | 80550 | 66 | 31834/- |
| 12/22 | 167 | 80550/- | 66 | 31834/- |
| 1/23 | 167 | 80550 | 66 | 31834/- |
| 2/13 | 167 | 202613/- | 66 | 80075/- |
| 3/23 | 167 | 202613/- | 66 | 80075/- |
| | ആകെ | 15,79,711/- | ആകെ | 10,91,055/- |

ആകെ 10,91,055/- രൂപ അടയ്ക്കേണ്ടിടത്ത് 15,79,711/- രൂപ ഒടുക്കു വരുത്തിയതിന്റെ കാരണം വ്യക്തമാക്കുവാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി വാട്ടർ അതോറിറ്റിയ്ക്ക്

ആയത് സംബന്ധിച്ച് കത്ത് നൽകിയിട്ടുണ്ടെന്നും തുടർനടപടിസ്വീകരിച്ച് വിവരം അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഈയിനത്തിൽ അധികം ചെലവഴിച്ച 4,88,656/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുക തുടർമാസങ്ങളിലെ ബില്ലിൽ ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 9/16-9-23

തടസ്സപ്പെടുത്തിയ തുക – 4,88,656/- രൂപ

1-18 സ്ട്രീറ്റ് മെയിൻ വലിക്കൽ - നാളിതുവരെ പൂർത്തിയാക്കിയില്ല.

സ്ട്രീറ്റ് മെയിൻ വലിക്കൽ എന്ന പദ്ധതിയ്ക്കായി തുക ഒടുക്കി എങ്കിലും നാളിതുവരെ പണി പൂർത്തീയാക്കി വിനായോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല.

| | |
|---|---|
| നിർവഹണോദ്യഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 7/23 |
| പ്രോജക്ട് | സ്ട്രീറ്റ് മെയിൻ വലിക്കൽ |
| അടങ്കൽ | 6,50,000/- |
| ഫണ്ടിനം | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 5,98,741/- |

തുക ഒടുക്കുവരുത്തിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | തുക കൈപ്പറ്റിയ സ്ഥാപനം | തുക | ബിൽ നമ്പർ |
|---|---|---|---|
| സ്ട്രീറ്റ് മെയിൻ വലിക്കൽ- ആറാം വാർഡ് | കെ.എസ്.ഇ.ബി. കുണ്ടറ | 1,20136/- | XVFC/2022-23 /P/12/20-6-22 |
| സ്ട്രീറ്റ് മെയിൻ വലിക്കൽ- പത്താം വാർഡ് | കെ.എസ്.ഇ.ബി. പെരിനാട് | 15057/- | XVFC/2022-23 /P/19/16-8-22 |
| സ്ട്രീറ്റ് മെയിൻ വലിക്കൽ- പത്താം വാർഡ് | കെ.എസ്.ഇ.ബി. പെരിനാട് | 18845/- | XVFC/2022-23 /P/20/16-8-22 |
| സ്ട്രീറ്റ് മെയിൻ വലിക്കൽ- ആറാം വാർഡ് | കെ.എസ്.ഇ.ബി. കുണ്ടറ | 60782/- | XVFC/2022-23 /P/36/2-11-22 |
| സ്ട്രീറ്റ് മെയിൻ വലിക്കൽ- പത്താം വാർഡ് | കെ.എസ്.ഇ.ബി. പെരിനാട് | 17986/- | |
| സ്ട്രീറ്റ് മെയിൻ വലിക്കൽ- അഞ്ചാം വാർഡ് | കെ.എസ്.ഇ.ബി. പെരിനാട് | 34735/- | XVFC/2022-23 /P/79/15-3-23 |
| സ്ട്രീറ്റ് മെയിൻ വലിക്കൽ- പത്താം വാർഡ് | കെ.എസ്.ഇ.ബി. പെരിനാട് | 54907/- | XVFC/2022-23 /P/83/20-3-23 |
| സ്ട്രീറ്റ് മെയിൻ വലിക്കൽ- ആറാം വാർഡ് | കെ.എസ്.ഇ.ബി. കുണ്ടറ | 79661/- | XVFC/2022-23 /P/92/29-3-23 |
| | ആകെ | 4,02,109/- | |

പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 4,02,109/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക – 4,02,109/- രൂപ

ഓഡിറ്റ് എൻക്വയറി നമ്പർ – 3/14-3-23

### 1-19 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല - ചെലവ് തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| നിർവഹണോദ്യഗസ്ഥൻ | സെക്രട്ടറി | സെക്രട്ടറി |
| പ്രോജക്ട് പേര് ,നമ്പർ | 180/23 സാമൂഹ്യസുരക്ഷാമിഷൻ വഴി കോക്ലീയർ ഇംപ്ലാന്റേഷൻ മെയിന്റനൻസ് ധനസഹായം | 177/23 പുതിയ കോൺഫറൻസ് ഹാൾ, സെക്രട്ടറിയുടെ മുറി എന്നിവ വയറിംഗും നെറ്റ് വർക്കിംഗും |

| | | |
|---|---|---|
| അടങ്കൽ | 50,000/- | 2,71,000/- (62810+208190) |
| ഫണ്ടിനം | വികസനഫണ്ട് ജനറൽ | വികസനഫണ്ട് ജനറൽ, തനതുഫണ്ട് |
| ചെലവ് | 50,000/- | 62,810/- 45/27-3-23 |
| ബിൽ നമ്പർ | 83/7-11-22 | 2,08,190/- XY6318690/23-3-23 |
| തുക കൈപ്പറ്റിയ സ്ഥാപനം | സാമൂഹ്യ സുരക്ഷാ മിഷൻ | പി.ഡബ്ല്യു.ഡി |

സാമൂഹ്യ സുരക്ഷാമിഷന് മുൻകൂർ തുക നൽകിയ മേൽ പ്രജക്റ്റിന്റെ വിനിയോഗസാക്ഷ്യപത്രങ്ങൾ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 3,21,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 9/16-3-23

തടസ്സപ്പെടുത്തിയ തുക – 3,21,000/- രൂപ

1-20 ദേശീയ തൊഴിലുറപ്പ് പദ്ധതി-അവലോകനം

2022-2023 ൽ 4705 കുടുംബങ്ങൾക്ക് തൊഴിൽ നൽകി ആകെ സൃഷ്ടിക്കപ്പെട്ട തൊഴിൽദിനങ്ങൾ 84333 ആണ്. ഇതിൽ 100 ദിനങ്ങൾ പൂർത്തിയാക്കിയ 593 കുടുംബങ്ങൾ ഉൾപ്പെടുന്നു. ആകെ 2,62,63,334/- രൂപയുടെ ചെലവ്. പൊതു കിണറുകളുടെ നിർമ്മാണം, പൊതു കുളങ്ങളുടെ നവീകരണം, കാലി തൊഴുത്തുകൾ, ബയോഗ്യാസ് പ്ലാന്റുകൾ, 13.5കി.മി റോഡ്, ഡ്രെയിനേജ് തുടങ്ങിയവയുടെ നിർമ്മാണ പ്രവൃത്തികൾ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും പൂർണ്ണമായും ഒഴിവാക്കി. 96.61% തുകയും ചെലവഴിച്ചിരിക്കുന്നത് മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾക്കും ഭൂവികസന പ്രവൃത്തികൾക്കുമാണ്. കൃഷിക്കാവശ്യമായ പണ(Field Bund)നിർമ്മാണ പ്രവൃത്തി വലിയ അളവിൽ നടത്തിയിണ്ടെങ്കിലും തുടർന്നുള്ള കൃഷികൾ നടന്നതായി രേഖയില്ല.

രേഖകളുടെ പരിപാലനം- ഓഡിറ്റ് നിരീക്ഷണങ്ങൾ

1. ഭൂവികസന പ്രവൃത്തികളിൽ, ഓരോ ഗുണഭോക്താവിന്റെയും ഭൂമിയിൽ നടത്തുന്ന പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ആകെ ഭൂവിസ്തൃതിയിൽ (കരം രസീത് പ്രകാരം) നിന്നും പ്രവൃത്തി നടത്തിയ ഭൂമിയുടെ വിസ്തൃതിയുടെ വിശദാംശങ്ങൾ അറിയാനും കഴിയുന്നില്ല. ആയതിനാൽ ഓരോ ഇനം പ്രവൃത്തിയുടെയും ആകെ നിർവ്വഹിച്ചിട്ടുള്ളതായി എംബുക്കുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന അളവുകളുടെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

2. എല്ലാ പ്രോജക്ട് ഫയലുകളിലും തൊഴിലുറപ്പ് തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പാക്കുന്ന ഫോട്ടോകൾ ഉൾപ്പെടുത്തിയിട്ടില്ല.

3. ഫോട്ടോകൾ കൃത്യമായി ഫയലിൽ ഉൾപ്പെടുത്താത്തതിനാൽ, പ്രോജക്റ്റ് യോഗങ്ങൾ നടത്തിയതിന്റെയും, പ്രവൃത്തി സൈറ്റുകളിൽ ബോർഡ് സ്ഥാപിച്ചതിന്റേയും കൃത്യത ഉറപ്പാക്കുന്നതിനു സാധിക്കുന്നില്ല.

4. വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ മേൽനോട്ടമുണ്ടാകുന്നതായി രേഖയില്ല.

ഉദ്യോഗസ്ഥതല / ഭരണതല വീഴ്ചകൾ

1. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 10/06/2013-ലെ സർക്കാർ ഉത്തരവ് (എം.എസ്.)നം.218/2013 പ്രകാരം ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറിക്ക് തൊഴിലുറപ്പ് പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന ചുമതല നൽകിയിട്ടുണ്ട്. ഇതിൽ തൊഴിലാളി ഗ്രാമ സഭയുടെ സംഘാടനം, പ്രവൃത്തികളുടെ മേൽ നോട്ടം, അളവിന്റെ പരിശോധന എന്നിവ ഉൾപ്പെടുന്നു. പ്രസ്തുത ഉത്തരവ് പ്രകാരമുള്ള കൃത്യനിർവ്വഹണം അസിസ്റ്റന്റ് സെക്രട്ടറി നടത്തിയിട്ടുള്ളതായി ഫയലുകളിലെവിടെയും

രേഖപ്പെടുത്തലുകളില്ല.

2. ബ്ലോക്ക് പ്രോഗ്രാം ഓഫീസർ, ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർ എന്നിവരുടെ ചുമതലയിൽ പെടുന്ന പ്രവൃത്തികളുടെ പരിശോധനകൾ കൃത്യമായി നടത്തിയതായി രേഖയില്ല.

മേൽ വിഷയങ്ങളിലേക്ക് പഞ്ചായത്ത് ഭരണ സമിതി, വികസന സ്റ്റാൻഡിംഗ് കമ്മറ്റി എന്നിവരുടെ അടിയന്തിര ശ്രദ്ധക്ഷണിക്കുന്നു.

### 1-21 ഹരിതകർമസേന - പ്രവർത്തന അവലോകനം

ഗ്രാമപഞ്ചായത്തിൽ 16 വാർഡുകളിലായി 7603 കുടുംബങ്ങളും 330 സ്ഥാപനങ്ങളുമുള്ളതായി രേഖകൾ വ്യക്തമാക്കുന്നു. ആകെ ജനസംഖ്യ 25607 (2011 കാനേഷുമാരി വിവരങ്ങൾ). നിലവിൽ 16 വാർഡുകളിലായി, ഓരോ വാർഡിലും കുറഞ്ഞത് 2 സേനാംഗങ്ങൾ വീതം 32 ഉം അധികമായി 6 അംഗങ്ങളും ഉൾപ്പെടെ ആകെ 38 അംഗങ്ങൾ ഉൾപ്പെടുന്ന ഹരിതകർമ്മസേന, വാർഡുകളിലെ എല്ലാ ഭവനങ്ങളിൽനിന്നും സ്ഥാപനങ്ങളിൽ നിന്നും എല്ലാ മാസവും 9 മുതൽ 24 വരെയുള്ള തീയതികളിൽ നിശ്ചിത കലണ്ടർ പ്രകാരം, അജൈവ മാലിന്യങ്ങൾ ശേഖരിച്ചുവരുന്നു. 'ഹരിതമിത്രം' ആപ്പ് വഴി എല്ലാ ഭവനങ്ങളെയും സ്ഥാപനങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തി എന്ന് ഉറപ്പാക്കിയിട്ടുണ്ട്. ശേഖരിക്കുന്ന മാലിന്യങ്ങൾ തരംതിരിച്ച് ഗ്രീൻടെക് എക്കോ കൺസൾട്ടൻസി എന്ന സ്വകാര്യ ഏജൻസിക്കാണ് കൈമാറുന്നത്. താന്നിക്കമുക്ക്, റെയിൽവേ സ്റ്റേഷൻ വാർഡ്, പെരുമൺ-2 എന്നീ വാർഡുകളിലായി നിലവിൽ 3 എം.സി.എഫ്-കൾ, ശേഷിക്കുന്ന വാർഡുകളിൽ മിനി എം.സി.എഫുകൾ എന്നിവ പ്രവർത്തിക്കുന്നു. ബെയിലിംഗ് മെഷീൻ പെരുമൺ എം.സി.എഫ് ൽ സ്ഥാപിച്ചിട്ടുണ്ട്. പെരുമൺ മാർക്കറ്റിലെ ആർ.ആർ.എഫ് ൽ ഒരു ഷ്രെഡിങ് മെഷീൻ സ്ഥാപിച്ചിട്ടുണ്ടെങ്കിലും ആയത് നിലവിൽ പ്രവർത്തിക്കുന്നില്ല.

യൂസർഫീ ഇനത്തിലും അജൈവ മാലിന്യങ്ങൾ തരംതിരിച്ച് കൈമാറുന്നതിലൂടെയും ലഭ്യമാകുന്ന തുക നിക്ഷേപിക്കുന്നതിന് കൺസോഷ്യം രൂപീകരിച്ച് പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേരിൽ കേരളാ ബാങ്ക് അഞ്ചാലുംമൂട് ശാഖയിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. നിക്ഷേപിക്കപ്പെടുന്നതിൽ 10% അക്കൗണ്ടിൽ നില നിർത്തിയശേഷമുള്ള തുക പ്രതിമാസം, ഓരോ അംഗത്തിനും കളക്ഷന്റെ അടിസ്ഥാനത്തിൽ അക്കൗണ്ട് വഴി വിതരണം നടത്തുന്നു. പ്രതിമാസം ഹരിത കർമ്മസേനാംഗങ്ങൾക്ക് 8500/- രൂപ ശരാശരി വേതനം ഇനത്തിൽ ലഭിക്കുന്നു. 13000/- രൂപ മുതൽ 15000/- രൂപ വരെ വേതനം കൈപ്പറ്റുന്നവരുമുണ്ട്. കൺസോഷ്യം അക്കൗണ്ടിൽ ശേഷിക്കുന്ന തുക എല്ലാവർഷവും ഓണത്തിന് ബോണസ് ഇനത്തിൽ, പ്രവർത്തനമേന്മ കൂടി കണക്കിലെടുത്ത്, സേനാംഗങ്ങൾക്ക് വീതിച്ച് നൽകുന്നു.

ഹരിതകർമ്മസേനയുടെ പ്രവർത്തനം സൂക്ഷ്മതലത്തിൽ നിരീക്ഷിക്കപ്പെടുന്നുണ്ട്. ഇതിനായി ജനപ്രതിനിധികൾ, നോഡൽ ഓഫീസർ (അസി. സെക്രട്ടറി), നിർവ്വഹണ ഉദ്യോഗസ്ഥൻ (VEO), ഹരിത സഹായ സ്ഥാപന പ്രതിനിധി എന്നിവരടങ്ങുന്ന സമിതി പ്രവർത്തിക്കുന്നു. കൃത്യമായ ഇടവേളകളിൽ പരിശോധന, ബോധവൽക്കരണം, പിഴ ചുമത്തൽ എന്നീ പ്രവർത്തനങ്ങളും നടത്തിവരുന്നു. 2022-23 ൽ 16 പേർക്ക് ചട്ടലംഘനത്തിന് വിശദീകരണം ആവശ്യപ്പെട്ട് നോട്ടീസ് നൽകുകയും 5500/-രൂപ ആകെ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. 25000/- രൂപ ചുമത്തപ്പെട്ട നാല് വ്യക്തികൾക്ക് മാപ്പപേക്ഷയുടെ അടിസ്ഥാനത്തിൽ പിഴ തുക 1000/- രൂപയാക്കി ഇളവ് ചെയ്തിട്ടുള്ളതായി കാണുന്നു. കേരള പഞ്ചായത്ത് രാജ് സെക്ഷൻ 219 എസ്(3)(1)പ്രകാരം ചുമത്താവുന്ന മിനിമം പിഴ 10000/-രൂപയാണെന്നിരിക്കേ 1000/- രൂപ പിഴയായി ഈടാക്കിയതിന്റെ നിയമസാധുത പരിശോധിക്കേണ്ടതാണ്.

ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ ഉൾപ്പെടെ പഞ്ചായത്ത് വാങ്ങി നൽകി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കിയിട്ടുണ്ട്. സ്മാർട്ട് ഗാർബേജ് ആപ്പ് നടപ്പിലാക്കിയതിന്റെ ഭാഗമായി എല്ലാ ഭവനങ്ങളിലും ക്യൂ.ആർ. കോഡ് പതിച്ച് യൂസർഫീ കളക്ട് ചെയ്യുന്നു. എല്ലാ വാർഡുകളിലും മിനി എം.സി.എഫ്, സേനാംഗങ്ങൾക്ക് യൂണിഫോം, തൊപ്പി, ഗ്ലൗസ്, ഗംബൂട്ട്, തിരിച്ചറിയൽ കാർഡ്, വാഹന സൗകര്യങ്ങൾ എന്നിവ നൽകുന്നുണ്ട്. ഇനോക്കുലം വിതരണവും നടത്തുന്നു. ഹരിതകർമ്മസേനയ്ക്ക് വാഹനം

വാങ്ങുന്നതിന് 2023-24 ൽ പ്രോജക്ട് ആവിഷ്കരിച്ചിട്ടുണ്ട്.

പഞ്ചായത്തിന്റെയും ഹരിതകർമ്മസേനാംഗങ്ങളുടെയും ആഭിമുഖ്യത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളെയും പ്രധാന്യത്തേയും കുറിച്ച് പൊതുജനങ്ങളെ ബോധവാന്മാരാക്കുന്നതിന് സാധിച്ചിട്ടുണ്ട്. മൈക്ക് അനൗൺസ്മെന്റും വാർഡ് തലത്തിൽ ബോധവൽക്കരണവും നടത്തിയിട്ടുണ്ട്. പഞ്ചായത്തിലെ വിവിധ സേവനങ്ങൾ നൽകുന്നതിന് ഗ്രീൻകാർഡ് നിർബന്ധമാക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി തീരുമാനം എടുത്ത് ഘട്ടം ഘട്ടമായി പ്രാവർത്തികമാക്കി വരുന്നു. മാലിന്യമുക്തമാക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത് തലത്തിൽ പൊതുജനങ്ങൾക്കുള്ള സേവനം ഒരു ഹെൽപ്ഡെസ്ക് രൂപീകരിച്ച് നൽകിവരുന്നു.

| ഹരിതകർമ്മസേന വരവ് – ചെലവ് റിപ്പോർട്ട് : 2022-23 | | | | |
|---|---|---|---|---|
| മാസം | യൂസർ ഫീ | നൽകിയ വേതനം | ശേഖരിച്ച മാലിന്യത്തിന്റെ അളവ് (Kg) | കൈമാറിയ മാലിന്യത്തിന്റെ അളവ് (Kg) |
| ഏപ്രിൽ | -- | -- | -- | -- |
| മെയ് | 136350/- | 96393/- | 3698.65 | 32596 |
| ജൂൺ/ജൂലൈ | 107050/- | 126095/- | 4044 | 43346 |
| ആഗസ്റ്റ് | 187550/- | 242000/- | 3130 | |
| സെപ്റ്റംബർ | 170580/- | 192805/- | 2709 | 29322 |
| ഒക്ടോബർ | 159100/- | 146160/- | | |
| നവംബർ/ ഡിസംബർ | 193130/- | 198450/- | 2484.56 | 26711.24 |
| ജനവരി | 128700/- | 151290/- | 3543.56 | 36376 |
| ഫെബ്രുവരി | 199350/- | 195560/- | 2481 | 26492 |
| മാർച്ച് | 207150/- | 218760/- | | |
| ആകെ | 1488960 | 1567513 | 22090.77 | 194843.24 |

നിർദ്ദേശങ്ങൾ

1. വ്യാപാരി വ്യവസായികളും മറ്റും പുറന്തള്ളുന്ന മാലിന്യത്തിന്റെ അളവിനനുസൃതമായി ഹരിതമിത്രം ആപ്പിൽ വ്യത്യസ്ത നിരക്കിൽ യൂസർഫീ ഈടാക്കുന്നതിന് സർക്കാർ തലത്തിൽ നിയമ നടപടികൾ സ്വീകരിക്കുന്നത് ഉചിതമാകും.

2. MLP, LEGACY മാലിന്യങ്ങൾ എല്ലാ മാസവും നീക്കം ചെയ്യപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

3. പഞ്ചായത്ത് തലത്തിൽ പരാതി പരിഹാരസെൽ രൂപീകരിക്കാവുന്നതാണ്.

5. ജൈവമാലിന്യങ്ങൾ വളമാക്കി വിതരണം ചെയ്യാവുന്ന ശാസ്ത്രീയ സംവിധാനങ്ങൾ പരീക്ഷിക്കാവുന്നതാണ്.

6. പ്ലാസ്റ്റിക് കത്തിക്കുന്നതിന്റെ ദോഷഫലങ്ങളെക്കുറിച്ചും, അവയുടെ വിനിയോഗം കുറയ്ക്കുന്നതിന്റേയും, അവ ശാസ്ത്രീയമായ പുനരുപയോഗത്തിലൂടെ നിർമ്മാർജനം ചെയ്യേണ്ടതിന്റെയും ആവശ്യകതയെപ്പറ്റിയും പൊതുജനാവബോധം വളർത്തുന്നതിന് ആവശ്യമായ നിരന്തര കർമ്മ പരിപാടികൾ കൂടി ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തന കലണ്ടറിൽ ഉൾപ്പെടുത്തി പ്രാവർത്തികമാക്കാവുന്നതാണ്.

1-22 ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികൾ നടപ്പിലാക്കിയില്ല

ഹെഡ് മിസ്ട്രസ്, ഗവ: എൽ.പി.എസ് പനയത്തിന്റെ നിർവ്വഹണാധികാരത്തിൽ Proj. No 244 പത്താംതരം തുല്യതാ പരീക്ഷ (അടങ്കൽ തുക: 55,250/- രൂപ); Proj. No 246 പന്ത്രണ്ടാംതരം തുല്യതാ

പരീക്ഷ (അടങ്കൽ തുക: 76,400/- രൂപ) എന്നിങ്ങനെ രണ്ട് പദ്ധതികൾ ആവിഷ്കരിച്ചിരുന്നു. എന്നാൽ രണ്ടു പദ്ധതികളും നടപ്പിൽ വരുത്തിയില്ല. ഇത് സംബന്ധമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. DPC അംഗീകരിച്ച് തുക വകയിരുത്തിയിരുന്ന പദ്ധതികൾ നടപ്പിലാക്കാതിരുന്നത് സംബന്ധിച്ച് പനയം ഗവ. എൽ.പി.എസ് ഹെഡ് മിസ്ട്രസ്സിൽനിന്നും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 25/19.09.2023

1-23 റോഡ് പുനരുദ്ധാരണം - 10,440/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല.

പ്രോജക്ട് നം. 146/23; ഒലിപ്പിൽ റോഡ് പുനരുദ്ധാരണം

നിർവഹണ ഉദ്യോഗസ്ഥ – അസി. എൻജിനീയർ, എൽ.എസ്.ജി.ഡി.

ടി.എസ് നം. – 32388/23

അടങ്കൽ തുക : 5,00,000/-: (Maintanance Fund -Road)

ചെലവ് : 4,14,546/- (ബിൽ നം.36/15.3.23)

കരാറുകാരൻ : ശ്രീ. എ. മണികണ്ഠൻ

കരാർ നം. – 25/AE/LID&EW/PNY/22-23 Dtd 05.01.23

PAC: 423373.48/-

Agreed PAC: 355165.10/- (16.11%below)

പ്രവൃത്തിയുടെ എം.ബുക്ക്, ബിൽ എന്നിവ പരിശോധിച്ചതിൽ Providing Plain CC For Road Work 1:2:4(item 75.8.1)എന്ന ഇനത്തിന് എസ്റ്റിമേറ്റിൽ ₹8462.44/$m^3$ നിരക്ക് ഉൾക്കൊള്ളിക്കുകയും ടെന്റർ നിരക്കായ ₹7000/$m^3$ നിരക്കിൽ 48.698$m^3$ പ്രവൃത്തി നിർവ്വഹിച്ചതിന് 3,40,886/- രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഓഡിറ്റ് 18.09.23 ന് നടത്തിയ സ്ഥല പരിശോധനയിൽ, 72.25 മീറ്റർ നീളത്തിൽ ഇരു വശങ്ങളിലും ചേർത്താണ് റോഡ് കോൺക്രീറ്റ് ചെയ്തിട്ടുള്ളതെന്നും, ആയതുകൊണ്ടുതന്നെ Foam Work കൂടാതെയാണ് പ്രവൃത്തി നടത്തിയിട്ടുള്ളതെന്നും ബോദ്ധ്യപ്പെട്ടു. Foam Work ഒഴിവാക്കിയുള്ള കോൺക്രീറ്റിംഗിന് അനുവദനീയമായ നിരക്ക് ₹8127.69/- $M^3$ മാത്രമാണ്. (Item 75.8.1.1.A). ആയതിൻ പ്രകാരം അനുവദനീയമായ തുക ചുവടെ കണക്കാക്കുന്നു.

48.698$m^3$ @ 8127.69 = 395802/-

കുറയ്ക്കുക 16.11% = 63764

= 3,32,038/- (340886 + 332038) രൂപ

വ്യത്യാസം 8848 + 18% GST: 1593 = 10440/- രൂപ

അതിനാൽ 10,440/- രൂപയുടെ അധിക ചെലവ് ഉണ്ടായി.

അപാകതയ്ക്കുമേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. 10,440/- രൂപയുടെ ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. തുക ഉത്തരവാദിയായ അസി എഞ്ചിനീയറിൽനിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 16/19.9.23

നിരാകരിക്കുന്ന തുക – 10,440/- രൂപ

1-24 ബെയിലിംഗ് മെഷിൻ സ്ഥാപിക്കൽ പദ്ധതി: രേഖകളിൽ വ്യക്തതയില്ല.

പ്രോജക്ട് നം. 275/23: സാനിറ്ററി കോംപ്ലക്സ് നിർമ്മാണം- MRF വിപുലീകരണം- RRF നിർമ്മാണം- Bailing Unit സ്ഥാപിക്കൽ

അടങ്കൽ തുക : 8,32,253/-: (ധനകാര്യ കമ്മീഷൻ അവാർഡ്)

ചെലവ് : 8,32,253/-

ആകെ 8,32,253/-രൂപയുടെ ചെലവുള്ളതിൽ 4,28,219/- രൂപ ZEMOSE ONLIE LLP എന്ന സ്ഥാപനത്തിന് Bailing Machine സ്ഥാപിച്ച ഇനത്തിൽ നൽകിയിട്ടുള്ളതാണ്. (ബിൽ നം. 345/14.2.23)

പദ്ധതി പ്രവർത്തനങ്ങളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

എ). നമ്പർ രേഖപ്പെടുത്തിയതും, പദ്ധതി നിർവ്വഹണാധികാരിയായ അസി. എഞ്ചിനീയർ ഒപ്പുവച്ചതുമായ ZEMOSE ONLIE LLP എന്ന സ്ഥാപനവുമായുള്ള കരാർ ഫയലിൽ സൂക്ഷിച്ചിട്ടില്ല. സ്ഥാപനം സമർപ്പിച്ചിട്ടുള്ള Preliminary Agreement മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്.

ബി). ZEMOSE ONLIE LLP എന്ന സ്ഥാപനം ഒപ്പുവച്ച് സമർപ്പിച്ചിരിക്കുന്ന Preliminary Agreement പ്രകാരം പ്രോജക്ട് കോസ്റ്റ് 561216/-രൂപയാണ്. എന്നാൽ സ്ഥാപനത്തിന് നൽകിയിരിക്കുന്നത് 4,28,219/- രൂപ. സ്ഥാപനത്തിൽ നിന്നുള്ള GST INVOICE (ബിൽ) ഫയലിൽ സൂക്ഷിച്ചിട്ടില്ല.

സി). സ്ഥാപിക്കപ്പെട്ടിരിക്കുന്ന Bailing Machine ZEMOSE എന്ന Brand Name ൽ ഉള്ളതല്ല, STANVO എന്ന Brand Name ൽ ഉള്ളതാണെന്ന് 18.09.23 ൽ എൽ.എസ്.ജി.ഡി ഓവർസിയർമാരുടെ സാന്നിധ്യത്തിൽ നടത്തിയ പ്രാദേശിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

ഡി). ZEMOSE ONLIE LLP എന്ന സ്ഥാപനം സമർപ്പിച്ച ടെന്റർ പ്രകാരവും, ഒപ്പുവച്ച് സമർപ്പിച്ചിരിക്കുന്ന കരാർ പ്രകാരവുമുള്ള സ്പെസിഫിക്കേഷനുകൾ ബെയിലിംഗ് മെഷീനിലെവിടേയും രേഖപ്പെടുത്തിയിട്ടില്ല. നിർദ്ദിഷ്ട സ്പെസിഫിക്കേഷനുകൾ ബെയിലിംഗ് മെഷീനുള്ളതായി ചുമതലപ്പെട്ട ആരും സാക്ഷ്യപ്പെടുത്തിയതിന്റെ രേഖയും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

പദ്ധതി ചെലവിൽ 2,50,000/- രൂപ വൈദ്യുതീകരണത്തിനാവശ്യമായ Wiring പ്രവർത്തനങ്ങൾക്കായി അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, PWD, കൊല്ലം പേർക്ക് നൽകിയിരുന്നു. (ബിൽ നം. 13/29.10.22). തുകയുടെ വിനിയോഗ സാക്ഷ്യപത്രവും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

അപാകതകൾക്കുമേൽ വിശദീകരണവും രേഖകളും ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. രേഖകളുടേയും വിശദീകരണങ്ങളുടേയും അഭാവത്തിൽ മേൽ പരാമർശിച്ച ആകെ 6,78,219/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം. – 18/19.9.23

തടസ്സപ്പെടുത്തുന്ന തുക – 6,78,219/- രൂപ

1-25 മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണീച്ചർ - ഇൻവോയ്സ്, സ്റ്റോക്ക് എന്നിവയിലെ കൃത്യത ബോധ്യപ്പെടുന്നില്ല.

പ്രോജക്ട് നം - 168
വികസനഫണ്ട് അടങ്കൽ – 80,000/- രൂപ
ചെലവ് - 63,576/- രൂപ
ബിൽ നം -1, തുക – 63576/-, തീയതി - 31/3/23

പനയം ഗ്രാമപഞ്ചായത്തിൽ ഫിഷറീസ് ഇൻസ്പെക്ടർ നിർവ്വഹണം നടത്തിയ പദ്ധതിയാണ് മത്സ്യതൊഴിലാളികളുടെ മക്കൾക്ക് മേശയും കസേരയും വിതരണം ചെയ്യൽ. പ്രസ്തുത പ്രോജക്ട്പ്രകാരം അംഗീകൃത ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട 8 ഗുണഭോക്താക്കൾക്ക് സിഡ്കോയിൽ നിന്ന് തടികൊണ്ടുള്ള മേശയും കസേരയും വാങ്ങി നൽകിയിട്ടുണ്ട്. (ടാക്സ് ഇൻവോയ്സ് നം- MBO-KUN-444/2022-23 തീയതി-1/3/23) ഒരുമേശ 5,060/- രൂപ, ഒരുകസേര 1,675/- രൂപ നിരക്കിൽ 9 എണ്ണത്തിന്റെ ഇൻവോയ്സ് ആണ് സിഡ്കോ സമർപ്പിച്ചതെങ്കിലും 8 എണ്ണത്തിന്റെ വിലയായ 63,576/- രൂപയാണ് (ജി.എസ്.ടി ഉൾപ്പെടെ) സിഡ്കോയ്ക്ക് നൽകിയത്. സ്റ്റോക്ക് രജിസ്റ്റർപ്രകാരവും 8 എണ്ണമാണ് വിതരണം ചെയ്തത്. എന്നാൽ ടാക്സ് ഇൻവോയ്സിൽ 9 എണ്ണം എന്ന് രേഖപ്പെടുത്തിയതു പ്രകാരം ഒരു മേശ, കസേര എന്നിവ വിതരണം ചെയ്യാതെ അവശേഷിക്കുന്നു. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 8 എണ്ണം മാത്രമാണ് കണക്കിൽ എടുത്ത് വിതരണം ചെയ്തിട്ടുള്ളത്. ആയത് വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ടി വാങ്ങലിന്റെ കൃത്യമായ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

എൻക്വയറി നം - 5/15.9.23

1-26 മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു

1) പ്രോജക്ട് നം - 32
എഫ്.എച്ച്.സി മരുന്നു വാങ്ങൽ
റോഡിതരം - അടങ്കൽ – 10,00,000/- രൂപ
ചെലവ് - 10,00,000/- രൂപ
ബിൽനം - 9/29/7/22, തുക - 10,00,000/- രൂപ

പി.എച്ച്.സി മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ എഫ്.എച്ച്.സിക്ക് മരുന്നുവാങ്ങൽ എന്ന പ്രോജക്ടിൽ 10,00,000/- രൂപ K.M.S.C.Lന്റെ അക്കൗണ്ട് നം. (36240018000000) ലേക്ക് നൽകിയതിൽ 7,71,511/- രൂപയുടെ മരുന്നുകൾ ലഭ്യമായി. ലഭ്യമായമരുന്നിന്റെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ക്രമ നം | ലഭ്യമായമരുന്നുകളുടെ ഇൻവോയ്സ് നം/തീയതി | ലഭ്യമായ മരുന്നുകളുടെ വിശദാംശം |
|---|---|---|
| 1 | 8670-19/8/22 | 166740/- |
| 2 | 12949-4/10/22 | 28412/- |
| 3 | 14113-18/10/22 | 85018/- |
| 4 | 18029-22/11/22 | 3575/- |
| 5 | 19231-30/11/22 | 1643/- |
| 6 | 20750-20/12/22 | 52212/- |
| 7 | 21600-29/12/22 | 10277/- |
| 8 | 22239-6-1-23 | 58195/- |
| 9 | 23631-20/1/23 | 33264/- |
| 10 | 24021-27/1/23 | 5488/- |
| 11 | 642-10/4/23 | 16442/- |
| 12 | 831-13 /4/23 | 522/- |

| | | |
|---|---|---|
| 13 | 585-19/4/23 | 5038/- |
| 14 | 1556-3/5/23 | 10295/- |
| 15 | 1926-5/5/23 | 11582/- |
| 16 | 2080-6/5/23 | 18630/- |
| 17 | 2968-10/5/23 | 65825/- |
| 18 | 4607-19-5-23 | 18530/- |
| 19 | 827-8/6/23 | 5722 |
| 20 | 7067/1-6-23 | 12779/- |
| 21 | 8266/8-6-23 | 4816/- |
| 22 | 14215/27-7-23 | 86306/- |
| 23 | 15748/11-8-23 | 65825/- |
| 24 | 15799/11-8-23 | 4375/- |
| | | 7,71,511/- രൂപ |

2,28,489/- രൂപയുടെ മരുന്നുകൾ ലഭ്യമാകാനുണ്ട്.

2) പ്രോജക്ട് നം - 23

പാലിയേറ്റീവ്

വികസന ഫണ്ട് അടങ്കൽ - 9,62,960/- രൂപ

ചെലവ് - 9,21,417/- രൂപ

ബ്ലോക്ക് പഞ്ചായത്ത് അടങ്കൽ - 1,00,000/- രൂപ

ചെലവ് - 1,00,000/- രൂപ

ബിൽ നം- 13/22-23, തുക- 5,08,427/-, തീയതി- 11/10/22

പി.എച്ച്.സി മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പാലിയേറ്റീവ് എന്ന പ്രോജക്ടിൽ 508427/-രൂപ K.M.S.C.Lന്റെ അക്കൗണ്ട് നം. (3624001800000019) ലേക്ക് നൽകിയതിൽ 3,79,675/- രൂപയുടെ മരുന്നുകൾലഭ്യമായി.

ലഭ്യമായമരുന്നിന്റെ വിശദാംശം താഴെപ്പറയുന്ന

| ക്രമ നം | ലഭ്യമായമരുന്നുകളുടെ ഇൻവോയ്സ് നം/തീയതി | ലഭ്യമായ മരുന്നുകളുടെ വിശദാംശം |
|---|---|---|
| 1 | 24847/14-2-23 | 29907/- |
| 2 | 24851/14-2-23 | 61550/- |
| 3 | 26044/1-3-23 | 31280/- |
| 4 | 26824/13-3-23 | 38226/- |
| 5 | 27945/28-3-23 | 40250/- |
| 6 | 13468/19-7-23 | 768 |
| 7 | 16478/19-8-23 | 19479 |
| 8 | 24840/14-2-23 | 61281/- |
| 9 | 25589/25/2/23 | 25590/- |
| 10 | 3727/16-5-23 | 11997/- |
| 11 | 7258/2-6-23 | 10019 |
| 12 | 9337/15-6-23 | 35612 |

| | | |
|---|---|---|
| 13 | 12052/8-7-23 | 12274 |
| 14 | 13471/19-7-23 | 887 |
| 15 | 16608/19-8-23 | 555 |
| | | 3,79,675/- രൂപ |

1,28,752/- രൂപയുടെ മരുന്നുകൾ ലഭ്യമാകാനുണ്ട്. മരുന്നുകൾ ലഭ്യമായതിന്റെ വിശദാംശം ഓഡിറ്റിൽ ഹാജരാക്കുവാനാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ മരുന്ന് ലഭ്യമാകുന്ന മുറക്ക് സ്റ്റോക്കിലെടുത്ത് വിവരം ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു. മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാകുന്നതുവരെ 3,57,241/- രൂപയുടെ (228489 + 128752) ചെലവ് തടസ്സപ്പെടുത്തുന്നു.

എൻക്വയറി നം - 10/-18-9-23

ആകെ തടസ്സപ്പെടുത്തുന്ന തുക – 3,57,241/- രൂപ

1-27 മരുന്നുകൾ ലഭ്യമായില്ല

പ്രോജക്റ്റ് നം - 210

ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നുവാങ്ങൽ

റോഡിതരം - അടങ്കൽ - 1,50,000/- രൂപ

ചെലവ് - 1,50,000/- രൂപ

UTR NO- RB10122342207682 / 20.12.2022

മെഡിക്കൽ ഓഫീസർ ഹോമിയോ നിർവഹണം നടത്തിയ ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നുവാങ്ങൽ എന്ന പ്രോജക്ടിൽ 20/12/22-ൽ ഹോംകോയുടെ അക്കൌണ്ടിലേക്ക് മരുന്നുലഭ്യമാക്കുന്നതിനായി (നം-34306403911) 1,50,000/- രൂപ നൽകി. ഇൻവോയ്സ് നം- LF1275 DTD 8/9/23 പ്രകാരം 65170/- രൂപയുടെ മരുന്നുകൾ ലഭ്യമായി. ബാക്കി 84,830/- രൂപ യുടെ മരുന്നുകൾ ലഭ്യമാകാനുണ്ട്. മരുന്നുകൾ ലഭ്യമായതിന്റെ വിശദാംശം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് വിവരംലഭ്യമാക്കുന്നതുവരെ 84,830/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

തടസ്സപ്പെടുത്തിയ തുക - 84, 830/- രൂപ

എൻക്വയറി നം. - 11/18.9.23

1-28 പാലിയേറ്റീവ് നഴ്സ് – അലവൻസിനത്തിൽ അധികം തുക അനുവദിച്ചു

പ്രോജക്റ്റ് നം - 23 / പാലിയേറ്റീവ്

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി.

വികസന ഫണ്ട്അടങ്കൽ - 9,62,960/- രൂപ

ചെലവ് – 9,21,417/- രൂപ

ബ്ലോക്ക് പഞ്ചായത്ത് അടങ്കൽ - 1,00,000/- രൂപ

ചെലവ് - 1,00,000/- രൂപ

ബിൽനം -13- 543117/- രൂപ, തീയതി-11-10-22

ബിൽനം -33- 21480/- രൂപ, തീയതി-2/3/23

ബിൽനം -7- 34330/-രൂപ, തീയതി-3-6-22

ബിൽനം -13- 543117/- രൂപ, തീയതി-11-10-22

ബിൽനം -25- 35690/- രൂപ, തീയതി-11-1-23

ബിൽനം -10- 34690/- രൂപ, തീയതി-10-8-22

ബിൽനം -8– 34330/- രൂപ, തീയതി-7/7/22

ബിൽനം -20- 34690/- രൂപ, തീയതി- 8/12/22
ബിൽനം -6- 34330/- രൂപ, തീയതി-18/5/22
ബിൽനം -11- 34690/- രൂപ, തീയതി-5/9/22
ബിൽനം -37- 44690/- രൂപ, തീയതി-30/3/23
ബിൽനം -16- 34690/- രൂപ, തീയതി-8/11/22
ബിൽനം -29- 34690/- രൂപ, തീയതി-7/2/23

2022-23 ൽ മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പദ്ധതിയാണ് പാലിയേറ്റീവ് കെയർ പ്രോഗ്രാം. പ്രസ്തുത പ്രോജക്ടിൽ പാലിയേറ്റീവ് കെയർ നഴ്സിനുള്ള വേതനം, ടെലിഫോൺ അലവൻസ്, വണ്ടി വാടക, മരുന്നു വാങ്ങൽ എന്നീ ഇനങ്ങൾക്കാണ് തുക വകയിരുത്തിയത്. എന്നാൽ പദ്ധതിയിൽ സൂചിപ്പിച്ച ചെലവിനങ്ങളിൽ ടെലിഫോൺ അലവൻസ് ഇനത്തിൽ 100/- രൂപ വീതം അധികം നൽകിയിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | ബിൽ നം/തീയതി | അർഹമായ തുക | കൈപ്പറ്റിയ തുക / തീയതി | അധികമായി കൈപ്പറ്റിയ തുക |
|---|---|---|---|---|
| 1 | 29/22-23<br>34690/- | 200 | 300<br>7/2/23 | 100/- |
| 2 | 13/22-23<br>543117/- | 200 | 300<br>11/10/22 | 100/- |
| 3 | 7/22-23<br>34330/- | 200 | 300<br>3/6/22 | 100 |
| 4 | 25/22-23<br>35690/- | 200 | 300<br>11/1/23 | 100 |
| 5 | 10/22-23<br>34690/- | 200 | 300<br>5/9/22 | 100 |
| 6 | 8/22-23<br>34330/- | 200 | 300<br>7/7/22 | 100 |
| 7 | 20/22-23<br>34690/- | 200 | 300<br>8/12/22 | 100 |
| 8 | 6/22-23<br>34330/- | 200 | 300<br>18/5/22 | 100 |
| 9 | 11/22-23<br>34690/- | 200 | 300<br>5/9/22 | 100 |
| 10 | 37/22-23<br>44690/- | 200 | 300<br>30/3/23 | 100 |
| 11 | 16/22-23<br>34690/- | 200 | 300<br>9/11/22 | 100 |
| | | | ആകെ | 1100 |

സർക്കാർ ഉത്തരവ് (സാധാ) നം-553/2019/തസ്വഭവ തീയതി-7/3/2019 പ്രകാരം 200/- രൂപയാണ് അനുവദനീയ ഫോൺചാർജ്. യൂണിഫോം അലവൻസായി 11/1/23ലെ ബിൽ നം- 25 പ്രകാരം 1000/-

രൂപ മാറി നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവ് (അ) 07/2016/ധന/20-1-16 അനക്സർ 12 ൽ ഏതെല്ലാം തസ്തികകളിൽ യൂണിഫോം അനുവദനീയമാണെന്നും ഏതൊക്കെ നിരക്കിലാണ് അനുവദിക്കേണ്ടതെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഉത്തരവിൽ പാലിയേറ്റീവ് നേഴ്സിന്റെ യൂണിഫോം അലവൻസിനെക്കുറിച്ച് പരാമർശിച്ചിട്ടില്ല. ആയതിനാൽ അലവൻസിനത്തിൽ 2100/- രൂപ (1000 + 1100) അധികം നൽകിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. ആയതിനാൽ അധികം ചെലവ് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

എൻക്വയറി നം – 12/18.9.23

## 1-29 പദ്ധതി മാർഗ്ഗരേഖ പ്രകാരം അനുവദനീയമായതിനേക്കാൾ അധികം സബ്സിഡി നല്കി.

പ്രോജക്ട് നം. 273

എസ്.സി. വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്

പതിനാലാം പദ്ധതി മാർഗ്ഗരേഖ (സ.ഉ.(കൈ.)നം.115/22/ത.സ്വ.ഭ.വ. തീയതി. 28.05.22 ഖ.7.24 പ്രകാരം കേരളത്തിനുള്ളിൽ അംഗീകൃത ബിരുദ കോഴ്സിൽ പഠിക്കുന്ന വിദ്യാർത്ഥിക്ക് ഒരു വർഷം പരമാവധി അനുവദിക്കാവുന്ന തുക 20,000/- രൂപയാണ്. എന്നാൽ അസി.സെക്രട്ടറി നടപ്പാക്കിയ മേൽ പദ്ധതിയിൽ കേരളത്തിനുള്ളിൽ ബിരുദ വിദ്യാർത്ഥിയായ ദേവിക.എസ്., ദേവിക ഭവനം, ചോനംചിറ, പെരിനാട് എന്ന വിദ്യാർത്ഥിനിയുടെ ബാങ്ക് അക്കൗണ്ടിൽ 22/02/2023, 28/02/2023 തീയതികളിൽ യഥാക്രമം 20,000/- രൂപ, 30,000/- രൂപ എന്നിങ്ങനെ അനുവദിച്ചിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ തുകയേക്കാൾ 30,000/- രൂപ അധികമായാണ് അനുവദിച്ചത്. അധികം ചെലവഴിച്ച 30,000/- രൂപ നിർവ്വഹണ അധികാരി തിരികെ അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

നിരാകരിച്ച തുക - 30,000/- രൂപ

ഓഡിറ്റ് എൻക്വയറി - 21/19-09-23

## 1-30 വൃദ്ധർക്ക് കട്ടിൽ (എസ്.സി) പദ്ധതി പ്രകാരം വാങ്ങിയ 28 കട്ടിലുകൾ വിതരണം ചെയ്തില്ല.

പ്രോജക്ട് നം. 212

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി

വൃദ്ധർക്ക് കട്ടിൽ (എസ്.സി)

പ്രസ്തുത പദ്ധതിക്കായി SIDCO എന്ന സ്ഥാപനത്തിൽ നിന്ന് 4,83,360/- രൂപ മുടക്കി 114 കട്ടിൽ വാങ്ങിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 114 കട്ടിലുകൾ സ്റ്റോക്കിൽ എടുത്തിട്ടുണ്ട്. എന്നാൽ 86 ഗുണഭോക്താക്കളുടെ അപേക്ഷകൾ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. വിതരണ രേഖകൾ പ്രകാരം ഈ 86 ഗുണഭോക്താക്കൾക്ക് മാത്രമാണ് കട്ടിലുകൾ വിതരണം ചെയ്തത്. ബാക്കി 28 കട്ടിലുകൾ വിതരണം ചെയ്യാത്തതിന്റെ കാരണം വിശദമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. 28 കട്ടിലുകളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച വിവരം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. വിതരണ രേഖകളുടെ അഭാവത്തിൽ 28 കട്ടിലുകളുടെ വിലയായ 118720/- രൂപയുടെ ചെലവ് (4240x114) തടസ്സപ്പെടുത്തുന്നു.

തടസ്സപ്പെടുത്തുന്ന തുക- 1,18,720/- രൂപ

ഓഡിറ്റ് എൻക്വയറി- 21/19-09-23

## 1-31 സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശം മറികടന്ന് അധികമായി തുക അനുവദിച്ചു

പ്രോജക്ട് നം. 247, 107/23

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി

അഗതി ആശ്രയ പദ്ധതി

പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ശ്രീമതി ഗിരിജ എന്ന വ്യക്തിക്ക് 3,10,000/- രൂപയും ശ്രീമതി മിനി

എന്ന വ്യക്തിക്ക് 3,60,000/- രൂപയും തൻവർഷം അനുവദിച്ചു. ആയതിൽ ശ്രീമതി ഗിരിജയ്ക്ക് 1,10,000/- രൂപ അനുവദിച്ചിട്ടുള്ളതായി മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അഗതി ആശ്രയ പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിനായി ഒരു ഗുണഭോക്താവിന് അനുവദിക്കാവുന്ന പരമാവധി തുക 4,00,000/- രൂപ മാത്രമാണെന്നിരിക്കെ ശ്രീമതി ഗിരിജ എന്ന ഗുണഭോക്താവിന് രണ്ട് വർഷങ്ങളിലായി 4,20,000/- രൂപ അനുവദിച്ചു. അധികമായി അനുവദിച്ച 20,000/- രൂപ തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

നിരാകരിക്കുന്ന തുക - 20,000/- രൂപ

ഓഡിറ്റ് എൻക്വയറി - 21/19-09-23

## 1-32 ദിവസവേതനടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന വ്യക്തിക്ക് അധികം തുക നല്കി

ഗ്രാമപഞ്ചായത്തിന്റെ അധിനതയിലുള്ള ഹോമിയോ ഡിസ്പെൻസറിയിൽ കാഷ്വൽ സ്വീപ്പർ തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീമതി.രാധാമണിക്ക് അനുവദനീയമായ നിരക്കിലും അധികമായി വേതനം അനുവദിക്കുന്നു. G.O(P)NO.27/21/FIN,dt.11.2.21 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 1.3.2021 മുതൽ കാഷ്വൽ സ്വീപ്പറുടെ വേതനം 8,000/- രൂപയാണ്. തൻവർഷം അധികം നൽകിയ വേതനത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | മാസം | അനുവദിച്ച തുക | അധികമായി നൽകിയ തുക | ചെക്ക് നം./തീയതി |
|---|---|---|---|---|
| 1 | 3/22 | 10050 | 2050 | 93347/02.04.22 |
| 2 | 4/22 | 9900 | 1900 | 013496/04.05.22 |
| 3 | 5/22 | 9900 | 1900 | 014894/02.06.22 |
| 4 | 6/22 | 9900 | 1900 | 6318653/01.07.22 |
| 5 | 7/22 | 9900 | 1900 | 015111/01.08.22 |
| 6 | 8/22 | 10050 | 2050 | 6318660/01.09.22 |
| 7 | 9/22 | 9750 | 1750 | 6318664/01.10.22 |
| 8 | 10/22 | 9900 | 1900 | 6318668/01.11.22 |
| 9 | 11/22 | 9900 | 1900 | 6318673/01.12.22 |
| 10 | 12/23 | 10050 | 2050 | 6318679/03.01.23 |
| | | ആകെ | 19300 | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. കാഷ്വൽ സ്വീപ്പറിന് വേതനമിനത്തിൽ അധികം നൽകിയ 19300/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

എൻക്വയറി നം. 5/16.1.23

നിരാകരണം - 19,300/- രൂപ

## 1-33 വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള പമ്പ് ഹൌസിലെ ജീവനക്കാരന് ഗ്രാമ പഞ്ചായത്തിൽ നിന്നും വേതനം നൽകി

കേരള വാട്ടർ അതോറിറ്റി, പി.എച്ച്. ഡിവിഷൻ, കൊല്ലത്തിന്റെ ഉടമസ്ഥതയിലുള്ള ഗ്രാമപഞ്ചായത്തിലെ 2-ാം വാർഡിലെ പെരുമൺ പമ്പ് ഹൌസിലെ പമ്പ് ഓപ്പറേറ്ററായ ശ്രീ. അനിൽ കുമാറിന് ഗ്രാമപഞ്ചായത്ത് വേതനം നൽകി വരുന്നു. ടിയാൾ ചെയ്യുന്ന ജോലി സമയത്തിന്റെ അടിസ്ഥാനത്തിൽ വേതനം നിശ്ചയിക്കുന്നതും, സേവന-വേതന വ്യവസ്ഥകൾ നിർണ്ണയിച്ച് അംഗീകരിക്കുന്നതും അസി.

എഞ്ചിനിയർ, കേരള വാട്ടർ അതോറിറ്റിയാണ്. പമ്പ് ഹൌസിലെ കറണ്ട് ബില്ല് തുക ഒടുക്കുന്നതും, ഗുണഭോക്താക്കളിൽ നിന്നും വെള്ളക്കരം ഈടാക്കുന്നതും കേരള വാട്ടർ അതോറിറ്റിയുടെ ചുമതലയിൽപ്പെടുന്നു. ആയതിനാൽ കേരള വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള പമ്പ് ഹൌസിലെ പമ്പ് ഓപ്പറേറ്റർക്ക് ഗ്രാമപഞ്ചായത്ത് വേതനം നൽകുന്നത് അംഗീകരിക്കാവുന്നതല്ല. 2022-23-ൽ പമ്പ് ഓപ്പറേറ്റർക്ക് ഗ്രാമപഞ്ചായത്ത് നൽകിയ വേതനത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കാലയളവ് | നൽകിയ വേതനം (രൂപ) | ചെക്ക് നം /തിയതി |
|---|---|---|
| 3/22 | 12994/- | 2835378/12.4.22 |
| 4/22 | 12932/- | 015015/19.5.22 |
| 5/22 | 12870/- | 015036/15.6.22 |
| 6/22 | 12994/- | 015049/19.7.22 |
| 7/22 | 13798/- | 174020/6.8.22 |
| 8/22 | 13365/- | 015350/7.9.22 |
| 9/22 | 12994/- | 4429298/7.10.22 |
| 10/22 | 13241/- | 6318603/5.11.22 |
| 11/22 | 13736/- | 6318614/9.12.22 |
| 12/22 | 14726/- | 016208/7.1.23 |
| 1/23 | 12746/- | 6318625/7.2.23 |
| 2/23 | 12128/- | 013331/16.3.23 |
| ആകെ | 1,58,524/- | |

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മേൽപരാമർശിച്ച ഇനത്തിൽ ചെലവഴിച്ച 1,58,524/- രൂപ വാട്ടർ അതോറിറ്റിയിൽ നിന്നും ഈടാക്കി തനതുഫണ്ടിൽ ഒടുക്കുവരുത്തി വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

## 1-34 ലൈഫ് ഭവനപദ്ധതി - ആദ്യഗഡു കൈപ്പറ്റി വളരെക്കാലമായിട്ടും വീടുപണി ആരംഭിച്ചില്ല.

1) ലൈഫ് ഭവനപദ്ധതി (ജനറൽ)

നിർവ്വഹണം - വി.ഇ.ഒ (സർക്കിൾ-1)

2020-21 വർഷത്തിൽ കരാറിൽ ഏർപ്പെട്ട് ആദ്യഗഡു കൈപ്പറ്റിയിട്ട് വീടുപണി ആരംഭിക്കാത്ത ഗുണഭോക്താവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഗുണഭോക്താവിന്റെ പേരുവിവരം

| കൈപ്പറ്റിയ തുക (രൂപ) | കൈപ്പറ്റിയ തുക (രൂപ) | ബിൽ നം./തിയതി |
|---|---|---|
| ശ്രീമതി. സുജ. വി. ആർ.<br>ഷീജ മന്ദിരം (വാർഡ്-6) | 40,000/- | 5/18.11.21 |

2) ലൈഫ് ഭവനപദ്ധതി (എസ്.സി)

നിർവ്വഹണം - വി.ഇ.ഒ (സർക്കിൾ-2)

2018-19 വർഷത്തിൽ കരാറിൽ ഏർപ്പെട്ട് ആദ്യഗഡു കൈപ്പറ്റിയിട്ട് വീടുപണി ആരംഭിക്കാത്ത ഗുണഭോക്താവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേരുവിവരം | കൈപ്പറ്റിയ തുക (രൂപ) | ബിൽ നം./ തിയതി |
|---|---|---|

| | | |
|---|---|---|
| ശ്രീമതി. ഹേമ<br>ചവരിക്കതാഴത്തിൽ<br>ചാത്തനാംകുളം. | 40,000/- | Rs.20,000/- (1973802/13.10.21)<br>Rs.20,000/- (873691//13.10.21) |

കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ ഓഡിറ്റ് റിപ്പോർട്ടിലും ഇത് സംബന്ധിച്ച് നിരീക്ഷണം ഉണ്ടായിരുന്നു. നാളിതുവരെ പ്രവൃത്തി ആരംഭിക്കാത്തതിനാൽ ഈ ഇനങ്ങളിൽ ചെലവഴിച്ച തുക ആർ.ആർ. അടക്കമുള്ള നടപടികളിലൂടെ തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-35 ബാലസഭ - ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

പ്രോജക്ട് നം. 109/23

പ്രോജക്ടിന്റെ പേര് - ബാലസഭ പ്രവർത്തനങ്ങൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ - 45,000/- ( വികസന ഫണ്ട്- ജനറൽ)

ആകെ ചെലവ് - 44,938/- (വികസന ഫണ്ട്- ജനറൽ)

അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പ്രസ്തുത പദ്ധതിക്കായി ചെലവ് പത്രിക പ്രകാരം തൻവർഷം 44,938/- (10-05-2022) രൂപയുടെ ചെലവ് ഉണ്ട്. എന്നാൽ ആയതിന്റെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച 44,938/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് തടസ്സം - 44,938/- രൂപ

ഓഡിറ്റ് എൻക്വയറി നം. - 21/19-09-23

## 1-36 കമ്പോസ്റ്റ് ബിൻ - പദ്ധതി പൂർത്തിയാക്കിയില്ല.

ഗ്രാമപഞ്ചായത്തിലെ മാലിന്യനിർമ്മാർജ്ജനത്തിനായി 2021-22 ൽ വി.ഇ.ഒ (പനയം സർക്കിൾ-1) നിർവ്വഹണോദ്യോഗസ്ഥനായി ആരംഭിച്ച പദ്ധതിയാണ് ബയോ കമ്പോസ്റ്റ് ബിൻ പദ്ധതി. 1120 ഗുണഭോക്താക്കൾക്ക് 1800/- രൂപ നിരക്കിൽ 20,16,000/- രൂപ ചെലവഴിച്ച് ബയോ കമ്പോസ്റ്റ് ബിൻ ലഭ്യമാക്കുന്നതായിരുന്നു പദ്ധതി ലക്ഷ്യം. 2021-22 ലെ പദ്ധതി വിവരം ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം - S0137/22

അടങ്കൽ തുക – 20,16,000/- രൂപ

ഗുണഭോക്തൃവിഹിതം - 2,01,600/- രൂപ

ചെലവ് തുക - 18,14,400/- രൂപ

ഐ.ആർ.ടി.സിക്ക് തുക നൽകിയതിന്റെ വിശദാംശങ്ങൾ .

| ക്രമ നം | തുക (രൂപ) | ചെക്ക് /ബിൽ നം |
|---|---|---|
| 1. | 3,6,400/- (കേന്ദ്രാവിഷ്കൃത പരിപാടി) | 873706/31.3.22 |
| 2. | 4,00,000/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 12/5.1.22 |
| 3. | 4,35,200/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 19/21.1.22 |
| 4. | 6,22,800/- (ധനകാര്യകമ്മീഷൻ ഗ്രാന്റ്) | 22/15.2.22 |
| ആകെ | 18,14,400/- | |

ബയോ കമ്പോസ്റ്റ് ബിൻ ലഭ്യമാക്കിയതിന്റെ വിശദാംശങ്ങൾ .

| ഇൻവോയ്സ് നം | എണ്ണം | നിരക്ക് (ഉൾപ്പെടെ) | ആകെ തുക (രൂപ) |
|---|---|---|---|

| | | | |
|---|---|---|---|
| B2B179/12.1.22 | 1120 | 1,800/- | 20,16,000/- |

2022-23 ൽ പ്രോജക്ട് നം. 60 ആയി പദ്ധതി രൂപീകരിച്ച് ഗുണഭോക്തൃ വിഹിതമിനത്തിൽ ആകെ പിരിച്ച 20,16,000/- രൂപയിൽ (1800x1120) 1,95,000/- രൂപ 14-09-2022 ൽ കരാറുകാരായ IRTC യ്ക്ക് നല്കി. എന്നാൽ നാളിതുവരെ 26 ഗുണഭോക്താക്കൾക്ക് ബയോ കമ്പോസ്റ്റ് ബിന്നുകൾ ലഭ്യമാക്കിയില്ല. 2021-22 ൽ 1120 ബയോ ബിന്നുകൾ ലഭ്യമാക്കിയെങ്കിലും ആയതിൽ 26 എണ്ണം ഗുണമേന്മയില്ലാത്തതിനാൽ തിരിച്ചയച്ചു എന്നാണ് ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നത് . തുക ഒടുക്കി വളരെ നാളായിട്ടും ബയോ ബിന്നുകൾ ലഭ്യമാക്കാത്തതിനാൽ 26 ബയോ ബിന്നുകളുടെ തുകയായ 46,800/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മുഴുവൻ ബയോ ബിന്നുകൾ ലഭ്യമാക്കി വിതരണം ചെയ്ത് രേഖകൾ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് തടസ്സം - 46,800/- രൂപ

## 1-37 ലേല കരാറുകാരൻ ചെയ്യേണ്ട പ്രവൃത്തിക്ക് പഞ്ചായത്ത് തുക ചെലവഴിച്ചു.

2022-23 ലെ ലേല പരസ്യത്തിലെ നിബന്ധന നമ്പർ 9 പ്രകാരം ചന്തയുടെ ഗേറ്റ് ഫീസ് പിരിവിനുള്ള അവകാശം ലേലത്തിൽ പിടിക്കുന്നയാൾ ദിവസവും ചന്തയിലെ ശുചീകരണ പ്രവൃത്തികൾ കൂടി സ്വന്തം ഉത്തരവാദിത്തത്തിൽ നിർവ്വഹിക്കേണ്ടതാണ്. 2022-23 ൽ കണ്ടച്ചിറ പബ്ലിക് മാർക്കറ്റ് ലേലത്തിൽ പോയിട്ടുണ്ടെങ്കിലും മാർക്കറ്റിന്റെ ക്ലീനിംഗിനായി തനത് ഫണ്ട് വൗച്ചർ പ്രകാരം 9,000/- രൂപയും (ചെക്ക് നം. 013497/05-05-22) വി.ഇ.ഒ. യുടെ പ്രോജക്ട് പ്രകാരം (പ്രോജക്ട് നം. 232) 3,850/- രൂപയും അനുവദിച്ചിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ലേലത്തിലെ നിബന്ധന മറികടന്ന് ചെലവഴിച്ച 12,850/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക തിരികെ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് നിരാകരണം – 12,850/- രൂപ

## 1-38 മഴക്കാല പൂർവ്വശുചീകരണം - ചെലവ് രേഖകൾ ഹാജരാക്കിയില്ല.

മഴക്കാല പൂർവ്വശുചീകരണത്തിനായി മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.)ക്ക് വാർഡ് ഒന്നിന് 10,000/- രൂപ നിരക്കിൽ 16 വാർഡുകളിലേക്കായി 1,60,000/- രൂപ തനത് ഫണ്ടിൽ നിന്നും ചെക്ക് മുഖേന അനുവദിച്ചു. എന്നാൽ ആയതിന്റെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ചെലവിന്റെ വിശദാംശം ചുവടെചേർക്കുന്നു.

ചെക്ക് നം. 014888

തീയതി – 28.05.22

ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ ഈ ഇനത്തിലെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് തടസ്സം- 1,60,000/- രൂപ

ഓഡിറ്റ് എൻക്വയറി –

## 1-39 അഷ്ടമുടി കായലിൽ നിന്നും മാലിന്യനിർമ്മാർജ്ജനം - ചെലവിന് രേഖയില്ല.

2022-23 ൽ തയ്യാറാക്കിയ കായലിൽ നിന്നും മാലിന്യനിർമ്മാർജ്ജനം എന്ന പ്രോജക്ടിന്റെ നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം. 61/22-23

നിർവ്വഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

അടങ്കൽ- 20,000/- രൂപ (മറ്റിനം ഫണ്ട്)

പദ്ധതി ചെലവ് വിശദമാക്കുന്ന സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ഈ ഇനത്തിൽ തൻവർഷം ചെലവ് ഇല്ല.

എന്നാൽ തനത് ഫണ്ടിൽനിന്ന് 31-05-22ൽ പ്രോജക്ടിന് അഡ്വാൻസായി 15,400/- രൂപ വി.ഇ.ഒ.യ്ക്ക് നൽകുന്നതിനായി സെക്രട്ടറി പിൻവലിച്ചിട്ടുണ്ട്. എന്നാൽ വി.ഇ.ഒ തുക കൈപ്പറ്റിയതിന് രേഖയില്ല. മറ്റ് ചെലവ് രേഖകൾ വൗച്ചറിനൊപ്പം സൂക്ഷിച്ചിട്ടുമില്ല. ഇത് സംബന്ധിച്ച് സെക്രട്ടിക്ക് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ ഈ ഇനത്തിൽ പിൻവലിച്ച 15,400/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. വി.ഇ.ഒ. നടപ്പാക്കേണ്ട പദ്ധതിയുടെ നിലവിലെ സ്ഥിതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് തടസ്സം - 15,400/- രൂപ

## 1-40 ഒരേ പ്രോജക്ട് രണ്ട് നിർവ്വഹണ ഉദ്യോഗസ്ഥർ ഭാഗികമായി നടപ്പാക്കി

2022-23 ൽ അതിദരിദ്രക്ഷേമം എന്ന പദ്ധതി അസിസ്റ്റന്റ് സെക്രട്ടറി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ എന്നീ രണ്ട് നിർവ്വഹണ ഉദ്യോഗസ്ഥർ ഭാഗികമായി നടപ്പാക്കി. വിശദാംശം ചുവടെചേർക്കുന്നു.
പ്രോജക്ട് നം. 251/22-23
നിർവ്വഹണ ഉദ്യോഗസ്ഥൻ- വി.ഇ.ഒ.-1
അടങ്കൽ - 33,180/- രൂപ (വികസന ഫണ്ട് – ജനറൽ)
ചെലവ് - 33,180/- രൂപ (വികസന ഫണ്ട് – ജനറൽ)
മേൽ പദ്ധതി പ്രകാരം റെയിൽവേ സ്റ്റേഷൻ വാർഡ്, അമ്പഴവയൽ, പെരുമൺ പടിഞ്ഞാറ് വാർഡുകളിലെ അതിദരിദ്ര ഗുണഭോക്താക്കൾക്ക് ഭക്ഷണം നൽകിയതിന് യഥാക്രമം പനയം കുടുംബശ്രീ സി.ഡി.എസ്., അജന്ത കുടുംബശ്രീ, ദീപം കുടുംബശ്രീ എന്നീ സ്ഥാപനങ്ങൾക്ക് 2022 ഡിസംബർ മാസത്തെ തുക അനുവദിക്കുന്നതിനാണ് തുക ചെലവഴിച്ചത്.
പ്രോജക്ട് നം. 271/22-23
അതിദരിദ്രക്ഷേമം രണ്ടാം ഘട്ടം
നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി. സെക്രട്ടറി
അടങ്കൽ - 1,96,901/- രൂപ (വികസന ഫണ്ട് – ജനറൽ- 96,901, തനത് ഫണ്ട്- 1,00,000)
ചെലവ് - 44,800/- രൂപ (വികസന ഫണ്ട് – ജനറൽ)
മേൽ പദ്ധതി പ്രകാരം റെയിൽവേ സ്റ്റേഷൻ വാർഡ്, അമ്പഴവയൽ, പെരുമൺ പടിഞ്ഞാറ് വാർഡുകളിലെ അതിദരിദ്ര ഗുണഭോക്താക്കൾക്ക് ഭക്ഷണം നൽകിയതിന് യഥാക്രമം പനയം കുടുംബശ്രീ സി.ഡി.എസ്., അജന്ത കുടുംബശ്രീ, ദീപം കുടുംബശ്രീ എന്നീ സ്ഥാപനങ്ങൾക്ക് 2023 ജനവരി മാസത്തെ തുക അനുവദിക്കുന്നതിനാണ് തുക ചെലവഴിച്ചത്.
ഒരേ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കുന്നതിന് രണ്ട് നിർവ്വഹണ ഉദ്യോഗസ്ഥർ രണ്ട് വ്യത്യസ്ത പ്രോജക്ടുകൾ നടപ്പിലാക്കുന്നത് ചെലവിന്റെ ഇരട്ടിപ്പിന് കാരണമാകുന്നതാണ്. പദ്ധതി രൂപീകരണത്തിൽ ഇത്തരം ആവർത്തനങ്ങൾ ഉണ്ടാകുന്നത് ഒഴിവാക്കേണ്ടതാണ്.

## 1-41 സ്പിൽ ഓവർ പദ്ധതി നടപ്പിലാക്കിയപ്പോൾ ഗുണഭോക്തൃവിഹിതം ഈടാക്കിയില്ല

പ്രോജക്ട് നം- 75/23
കേടായ തെങ്ങ് വെട്ടിമാറ്റി പുതിയ തെങ്ങുംതൈ വിതരണം
വികസനഫണ്ട് അടങ്കൽ - 30,000/-
ചെലവ് - 30,000/-
ഗുണഭോക്തൃവിഹിതം അടങ്കൽ – 9,000/-
ചെലവ് - 0/-
ബിൽ നം- 1/30000/- തീയതി- 4/5/22

2022-23-ൽ കൃഷി ഓഫീസർ നിർവഹണം നടത്തിയ പദ്ധതിയാണ് കേടായതെങ്ങ് വെട്ടിമാറ്റി പുതിയ

തെങ്ങുംതൈ വിതരണം. ടിപ്രോജക്ടിൽ 30,000/- രൂപ അടങ്കൽ തുക പൂർണമായും ചെലവഴിച്ചിട്ടുണ്ട്. ഗുണഭോക്തൃവിഹിതം അടങ്കൽ- 9,000/- രൂപ വച്ചെങ്കിലും തുക ചിലവഴിച്ചിട്ടില്ല. 2021-22-ലെ പ്രോജക്ടിൽ വികസനഫണ്ട് അടങ്കൽ തുകയായ 1,79,500/- രൂപയിൽ 1,49,500/- രൂപയും 20,500/-രൂപ ഗുണഭോക്തൃവിഹിതം അടങ്കൽ തുകയിൽ 11,500/- രൂപയും ചിലവിനത്തിൽ വന്നിട്ടുണ്ട്. ചിലവിനത്തിൽ ബാക്കി വന്ന 30,000/- രൂപയും 9,000/- രൂപയുമാണ് 22-23ൽ അടങ്കൽ തുകയായി വകയിരുത്തിയത്. 22-23ൽ ഗുണഭോക്തൃവിഹിതമിനത്തിൽ ആനുപാതികമായ ചെലവ് ഉൾപ്പെടാഞ്ഞതിന്റെ വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ 2022-23 ൽ സാംഖ്യയിൽ ഗുണഭോക്തൃവിഹിതം പൂജ്യമായി രേഖപ്പെടുത്തിയതിനാൽ തുക ചിലവഴിക്കാൻ സാധിച്ചില്ല എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പദ്ധതിയിലെ ഗുണഭോക്തൃവിഹിതമായി 1,800/- രൂപ 19/3/22-ൽ ശേഖരിച്ച്പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ടെന്ന് കൃഷി ഓഫീസർ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. ഗുണഭോക്തൃവിഹിതമായി അടവാക്കിയ ടി തുക തിരികെ നൽകണമെന്നാവശ്യപ്പെട്ട് കൃഷി ഓഫീസർ 20/9/22-ൽ അപേക്ഷ നൽകിയിട്ടുള്ളതിനാൽ ആയതിൻമേൽ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്

എൻക്വയറി നം – 13/18-9-23

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 റോഡ് പുനരുദ്ധാരണം - 10440/- രൂപയുടെ ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല.

പ്രോജക്ട് നം. 146/23; ഒലിപ്പിൽ റോഡ് പുനരുദ്ധാരണം
നിർവഹണ ഉദ്യോഗസ്ഥ – അസി. എൻജിനീയർ, എൽ.എസ്.ജി.ഡി.
ടി.എസ് നം. – 32388/23
അടങ്കൽ തുക : 5,00,000/-: (Maintanance Fund -Road)
ചെലവ് : 4,14,546/- (ബിൽ നം.36/15.3.23)
കരാറുകാരൻ : ശ്രീ. എ. മണികണ്ഠൻ
കരാർ നം. – 25/AE/LID&EW/PNY/22-23 Dtd 05.01.23
PAC: 423373.48/-
Agreed PAC: 355165.10/- (16.11%below)

പ്രവൃത്തിയുടെ എം.ബുക്ക്, ബിൽ എന്നിവ പരിശോധിച്ചതിൽ Providing Plain CC For Road Work 1:2:4(item 75.8.1)എന്ന ഇനത്തിന് എസ്റ്റിമേറ്റിൽ ₹8462.44/$m^3$ നിരക്ക് ഉൾക്കൊള്ളിക്കുകയും ടെൻഡർ നിരക്കായ ₹7000/$m^3$ നിരക്കിൽ 48.698$m^3$ പ്രവൃത്തി നിർവ്വഹിച്ചതിന് 3,40,886/- രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഓഡിറ്റ് 18.09.23 ന് നടത്തിയ സ്ഥല പരിശോധനയിൽ, 72.25 മീറ്റർ നീളത്തിൽ ഇരു വശങ്ങളിലും ചേർത്താണ് റോഡ് കോൺക്രീറ്റ് ചെയ്തിട്ടുള്ളതെന്നും, ആയതുകൊണ്ടുതന്നെ Foam Work കൂടാതെയാണ് പ്രവൃത്തി നടത്തിയിട്ടുള്ളതെന്നും ബോദ്ധ്യപ്പെട്ടു. Foam Work ഒഴിവാക്കിയുള്ള കോൺക്രീറ്റിംഗിന് അനുവദനീയമായ നിരക്ക് ₹8127.69/- $M^3$ മാത്രമാണ്. (Item 75.8.1.1.A). ആയതിൻ പ്രകാരം അനുവദനീയമായ തുക ചുവടെ കണക്കാക്കുന്നു.

48.698m$^3$ @ 8127.69 = 395802/-

കുറയ്ക്കുക 16.11% = 63764

= 3,32,038/- (340886 + 332038) രൂപ

വ്യത്യാസം 8848 + 18% GST: 1593 = 10440/- രൂപ

അതിനാൽ 10,440/- രൂപയുടെ അധിക ചെലവ് ഉണ്ടായി.

അപാകതയ്ക്കുമേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. 10,440/- രൂപയുടെ ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. തുക ഉത്തരവാദിയായ അസി എഞ്ചിനീയറിൽനിന്നും ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 16/19.9.23

നിരാകരിക്കുന്ന തുക – 10,440/- രൂപ

## 3-2 പദ്ധതി മാർഗ്ഗരേഖ പ്രകാരം അനുവദനീയമായതിനേക്കാൾ അധികം സബ്സിഡി നല്കി.

പ്രോജക്ട് നം. 273

എസ്.സി. വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്

പതിന്നാലാം പദ്ധതി മാർഗ്ഗരേഖ (സ.ഉ.(കൈ.)നം.115/22/ത.സ്വ.ഭ.വ. തീയതി. 28.05.22 ഖ.7.24 പ്രകാരം കേരളത്തിനുള്ളിൽ അംഗീകൃത ബിരുദ കോഴ്സിൽ പഠിക്കുന്ന വിദ്യാർത്ഥിക്ക് ഒരു വർഷം പരമാവധി അനുവദിക്കാവുന്ന തുക 20,000/- രൂപയാണ്. എന്നാൽ അസി.സെക്രട്ടറി നടപ്പാക്കിയ മേൽ പദ്ധതിയിൽ കേരളത്തിനുള്ളിൽ ബിരുദ വിദ്യാർത്ഥിയായ ദേവിക.എസ്., ദേവിക ഭവനം, ചോനംചിറ, പെരിനാട് എന്ന വിദ്യാർത്ഥിനിയുടെ ബാങ്ക് അക്കൗണ്ടിൽ 22/02/2023, 28/02/2023 തീയതികളിൽ യഥാക്രമം 20,000/- രൂപ, 30,000/- രൂപ എന്നിങ്ങനെ അനുവദിച്ചിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ പ്രകാരം അനുവദനീയമായ തുകയേക്കാൾ 30,000/- രൂപ അധികമായാണ് അനുവദിച്ചത്. അധികം ചെലവഴിച്ച 30,000/- രൂപ നിർവ്വഹണ അധികാരി തിരികെ അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

നിരാകരിച്ച തുക - 30,000/- രൂപ

ഓഡിറ്റ് എൻക്വയറി - 21/19-09-23

## 3-3 സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശം മറികടന്ന് അധികമായി തുക അനുവദിച്ചു.

പ്രോജക്ട് നം. 247, 107/23

നിർവ്വഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് സെക്രട്ടറി

അഗതി ആശ്രയ പദ്ധതി

പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ശ്രീമതി ഗിരിജ എന്ന വ്യക്തിക്ക് 3,10,000/- രൂപയും ശ്രീമതി മിനി എന്ന വ്യക്തിക്ക് 3,60,000/- രൂപയും തൻവർഷം അനുവദിച്ചു. ആയതിൽ ശ്രീമതി ഗിരിജയ്ക്ക് 1,10,000/- രൂപ അനുവദിച്ചിട്ടുള്ളതായി മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അഗതി ആശ്രയ പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിനായി ഒരു ഗുണഭോക്താവിന് അനുവദിക്കാവുന്ന പരമാവധി തുക 4,00,000/- രൂപ മാത്രമാണെന്നിരിക്കെ ശ്രീമതി ഗിരിജ എന്ന ഗുണഭോക്താവിന് രണ്ട് വർഷങ്ങളിലായി 4,20,000/- രൂപ അനുവദിച്ചു. അധികമായി അനുവദിച്ച 20,000/- രൂപ തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ശ്രീമതി ഗിരിജ എന്ന ഗുണഭോക്താവിന് അനുവദിച്ച തുകയുടെ വിശദാംശങ്ങൾ –

| ക്രമ നം. | തുക | ബിൽ നം./തീയതി |
|---|---|---|
| 1) | 1,10,000/- | 4/16.07.2021 |
| 2) | 40,000/- | 26/10.05.2022 |
| 3) | 1,10,000/- | 101/20.08.2022 |

| | | |
|---|---|---|
| 4) | 1,60,000/- | 207/02.12.2022 |

നിരാകരിക്കുന്ന തുക – 20,000/- രൂപ

ഓഡിറ്റ് എൻക്വയറി - 21/19-09-23

3-4 ദിവസവേതനടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന വ്യക്തിക്ക് അധികം തുക നല്കി.

ഗ്രാമപഞ്ചായത്തിന്റെ അധിനതയിലുള്ള ഹോമിയോ ഡിസ്പെൻസറിയിൽ കാഷ്വൽ സ്വീപ്പർ തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീമതി.രാധാമണിക്ക് അനുവദനീയമായ നിരക്കിലും അധികമായി വേതനം അനുവദിക്കുന്നു. G.O(P)NO.27/21/FIN,dt.11.2.21 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 1.3.2021 മുതൽ കാഷ്വൽ സ്വീപ്പറുടെ വേതനം 8,000/- രൂപയാണ്. തൻവർഷം അധികം നൽകിയ വേതനത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | മാസം | അനുവദിച്ച തുക | അധികമായി നൽകിയ തുക | ചെക്ക് നം./തീയതി |
|---|---|---|---|---|
| 1 | 3/22 | 10050 | 2050 | 93347/02.04.22 |
| 2 | 4/22 | 9900 | 1900 | 013496/04.05.22 |
| 3 | 5/22 | 9900 | 1900 | 014894/02.06.22 |
| 4 | 6/22 | 9900 | 1900 | 6318653/01.07.22 |
| 5 | 7/22 | 9900 | 1900 | 015111/01.08.22 |
| 6 | 8/22 | 10050 | 2050 | 6318660/01.09.22 |
| 7 | 9/22 | 9750 | 1750 | 6318664/01.10.22 |
| 8 | 10/22 | 9900 | 1900 | 6318668/01.11.22 |
| 9 | 11/22 | 9900 | 1900 | 6318673/01.12.22 |
| 10 | 12/23 | 10050 | 2050 | 6318679/03.01.23 |
| | | ആകെ | 19,300/- രൂപ | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. കാഷ്വൽ സ്വീപ്പറിന് വേതനമിനത്തിൽ അധികം നൽകിയ 19300/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

എൻക്വയറി നം. 5/16.1.23

നിരാകരണം - 19,300/- രൂപ

3-5 കരാറുകാരൻ ചെയ്യേണ്ട പ്രവൃത്തിക്ക് മറ്റ് വ്യക്തികൾക്ക് തുക നല്കി.

2022-23 ലെ ലേല പരസ്യത്തിലെ നിബന്ധന നമ്പർ 9 പ്രകാരം ചന്തയുടെ ഗേറ്റ് ഫീസ് പിരിവിനുള്ള അവകാശം ലേലത്തിൽ പിടിക്കുന്നയാൾ ദിവസവും ചന്തയിലെ ശുചീകരണ പ്രവൃത്തികൾ കൂടി സ്വന്തം ഉത്തരവാദിത്തത്തിൽ നിർവ്വഹിക്കേണ്ടതാണ്. 2022-23 ൽ കണ്ടച്ചിറ പബ്ലിക് മാർക്കറ്റ് ലേലത്തിൽ പോയിട്ടുണ്ടെങ്കിലും മാർക്കറ്റിന്റെ ക്ലീനിംഗിനായി തനത് ഫണ്ട് വൗച്ചർ പ്രകാരം 9,000/- രൂപയും (ചെക്ക് നം. 013497/05-05-22) വി.ഇ.ഒ. യുടെ പ്രോജക്ട് പ്രകാരം (പ്രോജക്ട് നം. 232) 3,850/- രൂപയും അനുവദിച്ചിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ലേലത്തിലെ നിബന്ധന മറികടന്ന് ചെലവഴിച്ച 12,850/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് നിരാകരണം – 12,850/- രൂപ

## ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 11-9-23, 15-9-23 | കെ.എസ്.എ.കെ.എൽ.എം.പി.4/1759/23/ 06.11.2023 |

## 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 1,00,000/- | പാലിയേറ്റീവ് കെയർ | 1,00,000/- | 0 |
| | | 2,40,000/- | ലൈഫ് ഭവന നിർമാണം (ഫേസ് 2) | 2,40,000/- | |
| | | 1,00,000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1,00,000/- | 0 |
| | | 4,25,000/- | ലൈഫ് മിഷൻ മൂന്നാം ഘട്ടം | 4,25,000/- | |
| | | 1,14,285/- | അംഗൻവാടി പോഷകാഹാര പദ്ധതി | 1,14,285/- | 0 |
| | | 1,74,267/- | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 1,74,267/- | |
| | | 1,60,000/- | ലൈഫ് ഭവന നിർമാണം(sc) | 1,60,000/- | |
| | | 7,99,560/- | ബഡ്സ് | 7,99,560/- | |
| | | 1,60,000/- | ലൈഫ് ഭവന നിർമാണം(sc) Additional List | 1,60,000/- | |
| ജില്ലാ പഞ്ചായത്ത് | | 6,80,000/- | ലൈഫ് ഭവന നിർമാണം (ഫേസ് 2) | 6,80,000/- | 0 |
| | | 1,40,000/- | ലൈഫ് ഭവന നിർമാണം(sc) | 1,40,000/- | |
| | | 2,17,035/- | അംഗൻവാടി പോഷകാഹാര പദ്ധതി | 2,17,035/- | |
| | | 1,63,500/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1,63,500/- | |
| | | 1,72,945/- | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 1,72,945/- | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KWA | ചെമ്മക്കാട് പമ്പ് ഹൗസിലേക്ക് പുതിയ പമ്പ് സെറ്റ് | 15113/ 4-8-22 | 4,77,900/- | 0 | 4,77,900/- |

| | | | | | |
|---|---|---|---|---|---|
| | സ്ഥാപിക്കൽ | | | | |
| KSEB | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | XVFC/2022-23 /P/12/20-6-22 | 5,98,741/- | 0 | 5,98,741/- |
| | പോസ്റ്റ് ഷിഫ്റ്റിംഗ് | XVFC/2022-23 /P/13/20-6-22 | 6,12,423 | 0 | 6,12,423 |
| PWD | കോൺഫറൻസ് ഹാൾ വയറിംഗ് | XY6318690/ 23-3-23 | 2,71,000/- | 0 | 2,71,000/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 61,60,000/- രൂപ വരവുണ്ട്. മുൻബാക്കി 22,05,313/-രൂപയടക്കം 83,65,313/-രൂപയിൽ 75,50,000/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| LIFE | | 61,60,000/- | 1,32,41,355/- | 29,39,603/- | | 1,64,61,752/- |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-9 ചാർജ്/ സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (രൂപ) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 10,440/- | ശ്രീമതി സുജി. ആർ. എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 30,000/- | ശ്രീ. ശ്രീകുമാർ. റ്റി. എസ്, അസിസ്റ്റന്റ് |

| | | | |
|---|---|---|---|
| | | | സെക്രട്ടറി |
| 3-3 | | 20,000/- | ശ്രീ. പ്രീത് കുമാർ, വി.ഇ.ഒ |
| 3-4 | | 19,300/- | ശ്രീ. റ്റി. എഫ്. ജോസഫ്, സെക്രട്ടറി |
| 3-5 | | 9,000/- | ശ്രീ. റ്റി. എഫ്. ജോസഫ്, സെക്രട്ടറി |
| 3-5 | | 3,850/- | ശ്രീ. പ്രീത് കുമാർ, വി.ഇ.ഒ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 2,25,000/- | ശ്രീ. അജിത് കുമാർ, വെറ്റിനറി സർജൻ |
| 1-14 | 4,77,900/- | ശ്രീ. റ്റി. എഫ്. ജോസഫ്, സെക്രട്ടറി |
| 1-16 | 5,18,462/- | ശ്രീ. റ്റി. എഫ്. ജോസഫ്, സെക്രട്ടറി |
| 1-17 | 4,88,656/- | ശ്രീ. റ്റി. എഫ്. ജോസഫ്, സെക്രട്ടറി |
| 1-18 | 4,02,109/- | ശ്രീ. റ്റി. എഫ്. ജോസഫ്, സെക്രട്ടറി |
| 1-19 | 3,21,000/- | ശ്രീ. റ്റി. എഫ്. ജോസഫ്, സെക്രട്ടറി |
| 1-24 | 6,78,219/- | ശ്രീമതി സുജി. ആർ. എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-26 | 2,28,489/- | ശ്രീമതി രജനി. ആർ, മെഡിക്കൽ ഓഫീസർ, സി. എച്ച്.സി. |
| | 1,28,752/- | ശ്രീമതി ശരണ്യ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| 1-27 | 84,830/- | ശ്രീമതി രഞ്ജു. റ്റി. യോഹന്നാൻ, മെഡിക്കൽ ഓഫീസർ ആയുർവേദം |
| 1-30 | 1,18,720/- | ശ്രീ. ശ്രീകുമാർ. റ്റി. എസ്, അസിസ്റ്റന്റ് സെക്രട്ടറി |
| 1-35 | 44,938/- | ശ്രീമതി വി. ജെ. അന്നമ്മ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-36 | 46,800/- | ശ്രീ. പ്രീത് കുമാർ, വി.ഇ.ഒ |
| 1-38 | 1,60,000/- | ശ്രീമതി രജനി. ആർ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |
| 1-39 | 15,400/- | ശ്രീ. റ്റി.എഫ്. ജോസഫ്, സെക്രട്ടറി |

(ബി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ശ്രീകുമാർ. റ്റി. എസ്<br>അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി,<br>വല്ലപ്പുഴ ഗ്രാമപഞ്ചായത്ത് | ശ്രീസ്മിതം, കാഞ്ഞാവെളി,<br>പ്രാക്കുളം |
| ശ്രീമതി രഞ്ജു. റ്റി.<br>യോഹന്നാൻ,<br>മെഡിക്കൽ ഓഫീസർ<br>ആയുർവേദം | മെഡിക്കൽ ഓഫീസർ<br>ആയുർവേദം<br>പനയം ഗ്രാമപഞ്ചായത്ത് | സിനി നിവാസ്, എ.കെ.ജി.<br>ജംഗ്ഷൻ ,<br>ഹരിശ്രീനഗർ -124, കൊല്ലം -1 |
| ശ്രീമതി സുജി. ആർ. എസ്,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>പനയം ഗ്രാമപഞ്ചായത്ത് | പുതുവൽ പുത്തൻ വീട്,<br>മരിയപുരം. പി.ഒ, തിരുവനന്തപുരം |

| | | |
|---|---|---|
| ശ്രീ. പ്രീത് കുമാർ,<br>വി.ഇ.ഒ | വി.ഇ.ഒ, പനയം<br>ഗ്രാമപഞ്ചായത്ത് | പ്രസാദം, കുപ്പണ,<br>പെരിനാട്. പി. ഒ. |
| ശ്രീമതി ശരണ്യ,<br>മെഡിക്കൽ ഓഫീസർ<br>സി.എച്ച്.സി | മെഡിക്കൽ ഓഫീസർ,<br>വിക്ടോറിയ ആശുപത്രി | ബയോ-ഷെരാട്ടൺ, റ്റി.പി.<br>നഗർ-121,<br>താമരക്കുളം, കൊല്ലം |
| ശ്രീമതി രജനി. ആർ,<br>മെഡിക്കൽ ഓഫീസർ<br>സി.എച്ച്.സി | മെഡിക്കൽ ഓഫീസർ,<br>ജില്ലാ ആശുപത്രി | പുത്തൻപുരയിൽ വീട്, കേരളപുരം,<br>വെള്ളിമൺ. പി. ഒ. |
| ശ്രീ. അജിത് കുമാർ,<br>വെറ്റിനറി സർജൻ | വെറ്റിനറി സർജൻ,<br>പനയം ഗ്രാമപഞ്ചായത്ത് | സൗപർണ്ണിക,<br>മൈനാഗപ്പള്ളി |
| ശ്രീ. റ്റി. എഫ്. ജോസഫ്,<br>സെക്രട്ടറി | സെക്രട്ടറി,<br>പനയം ഗ്രാമപഞ്ചായത്ത് | താന്നിക്കൽ ഹൗസ്,<br>പുന്നപ്ര. പി.ഒ, ആലപ്പുഴ |
| ശ്രീമതി വി. ജെ. അന്നമ്മ,<br>അസിസ്റ്റന്റ് സെക്രട്ടറി | വിരമിച്ചു | ബേസിൽ ഭവൻ, മുളവന പി. ഒ,<br>പേരയം, കൊല്ലം. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2002-03 | കെ.എസ്.എ.കെ.എൽ.എം. പി4-366/2018/28-02-2018 | 4 |
| 2003-04 & 2004-05 | കെ.എസ്.എ.കെ.എൽ.എം. പി4-588/2018/12.04.2018 | 1 |
| 2006-07 | കെ.എസ് . എ-കെ.എൽ.എം- പി4-777(1)/19/07.06.19 | 1 |
| 2007-08 | കെ.എസ് . എ-കെ.എൽ.എം- പി4-777(2)/19/7.06.19 | 3 |
| 2008-09 | കെ.എസ് . എ-കെ.എൽ.എം- പി4-777(3)/19/7.06.19 | 4 |
| 2009-10 | കെ.എസ് . എ-കെ.എൽ.എം- പി4-777(4)/19/7.06.19 | 4 |
| 2010-11 | കെ.എസ് . എ-കെ.എൽ.എം- പി4-777(5)/19/7.06.19 | 5 |
| 2011-12 | കെ.എസ്എ.കെഎൽ എം.പി4/അദാലത്ത്/11-12/755/22 / 20.08.22 | 1 |
| 2012-13 | കെ.എസ്എ.കെഎൽ എം.പി4/അദാലത്ത്/12-13/755/22 / 20.08.22 | 7 |
| 2013-14 | കെ.എസ്എ.കെഎൽ എം.പി4/അദാലത്ത്/13-14/755/22 / 20.08.22 | 14 |
| 2014-15 | കെ.എസ്എ.കെഎൽ എം.പി4/അദാലത്ത്/14-15/755/22 / 20.08.22 | 12 |
| 2015-16 | കെ.എസ്എ.കെഎൽ എം.പി4/അദാലത്ത്/15-16/755/22 / 20.08.22 | 12 |
| 2016-17 | കെ.എസ്എ.കെഎൽ എം.പി4-1073/17/24.04.2018 | 10 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി4-1393/2018/07.12.2018 | 31 |
| 2018-19 | കെ.എസ്.എ.കെ.എൽ.എം.പി4-995/2019/07.08.2019 | എല്ലാ ഖണ്ഡികകളും |

| | | |
|---|---|---|
| 2019-20 | കെ.എസ്.എ.കെ.എൽ.എം.പി4-506/2021/17.03.21 | എല്ലാ ഖണ്ഡികകളും |
| 2020-21 | കെ.എസ്.എ.കെ.എൽ.എം.പി4-1057/22/26.07.22 | എല്ലാ ഖണ്ഡികകളും |
| 2021-22 | കെ.എസ്.എ.കെ.എൽ.എം.പി4-224/23/10-4-23 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 07-07-2023 and submitted on 10-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Panayam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Panayam Grama Panchayat for the year 2022-2023

Date: 06/11/2023

Deputy Director
District Office Kollam
Kerala State Audit Department

## Audit Report appended to the Audit Certificate of Panayam Grama Panchayat for the Year 2022-2023.

**1.Major Observations**

**2.Other Observations**

Other observations

1. The following mandatory financial statements prescribed in accounting rules are not submitted for audit Ratios.
2. Schedules of the following financial statements are not submitted.

B1 schedule

3. Cashflow statement- Net increase /decrease in cashflow does not match with the difference between

the opening balance and closing balance of cash and cash equivalents.

4. No entry for online receipt.
5. Payment Voucher- Misclassification.
6. Demand register does not match with Financial statements.

The following registers are not maintained/does not match with accounts/not reliable for audit

Stock register, Advance Received register (Liability), Deposit register, Loan register, Advance/loan register (Asset), Investment register, loan register.

Lapses in making timely and accurate demand entries in respect of tax and non tax revenue

1. The following demand registers are not periodically reconciled with accounts.

Grant liability amount shown as liability in Balance sheet does not match with Bank account opened for the specified grant account.

2. Amount used for asset creation using Specific grant account not transfered to Capital contribution and treated as revenue income.

3. Lack of authenticated journal vouchers for supporting the adjustment entries recorded in Prior Period items.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ പനയം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്